सत्यमेव जयते

**Government of India**

# भारत का राजपत्र
# THE GAZETTE OF INDIA
# ഭാരതത്തിന്റെ ഗസറ്റ്

## असाधारण
## EXTRAORDINARY
## അസാധാരണം

भाग XI—अनुभाग I
PART XI—SECTION I
ഭാഗം XI—വകുപ്പ് I

प्राधिकार से प्रकाशित
**Published by Authority**
അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്

| | | | | | | | |
|---|---|---|---|---|---|---|---|
| सं० | 4137 | नई दिल्ली | मंगलवार | 31 दिसंबर 2024/ | 10 पौष 1946 (शक) | खण्ड | 13 |
| No. | 4137 | NEW DELHI | Tuesday | 31 December 2024/ | 10 Pousha, 1946 (Saka) | Vol. | 13 |
| നമ്പർ | 4137 | ന്യൂഡൽഹി | ചൊവ്വ | 31 ഡിസംബർ 2024/ | 10 പൌഷം, 1946 (ശക) | വാല്യം | 13 |


## MINISTRY OF LAW AND JUSTICE

## (Legislative Department)

*New Delhi, 17th July, 2023/26th Ashada, 1945 (Saka).*

The translation in Malayalam of The Administrators-General Act, 1963 is hereby published under the authority of the President and shall be deemed to be the authoritative text of this Act in Malayalam under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

അഡ്മിനിസ്ട്രേറ്റേഴ്സ്-ജനറൽ ആക്റ്റ്, 1963-ന്റെ മലയാള പരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ഇത് ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതും ആകുന്നു.

DR. REETA VASISHTA,
*Secretary to the Government of India.*

GCPT 212/132/2024/S-4.

सत्यमेव जयते

**Government of India**

# भारत का राजपत्र
# THE GAZETTE OF INDIA
# ഭാരതത്തിന്റെ ഗസറ്റ്

## असाधारण
## EXTRAORDINARY
## അസാധാരണം

भाग XI—अनुभाग I
PART XI—SECTION I
ഭാഗം XI—വകുപ്പ് I

प्राधिकार से प्रकाशित
**Published by Authority**
അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്

| | | | | | | |
|---|---|---|---|---|---|---|
| सं० 4137 | नई दिल्ली | मंगलवार | 31 दिसंबर 2024/ | 10 पौष 1946 (शक) | खण्ड | 13 |
| No. 4137 | NEW DELHI | Tuesday | 31 December 2024/ | 10 Pousha, 1946 (Saka) | Vol. | 13 |
| നമ്പർ 4137 | ന്യൂഡൽഹി | ചൊവ്വ | 31 ഡിസംബർ 2024/ | 10 പൌഷം, 1946 (ശക) | വാല്യം | 13 |


## MINISTRY OF LAW AND JUSTICE

### (Legislative Department)

*New Delhi, 17th July, 2023/26th Ashada, 1945 (Saka).*

The translation in Malayalam of The Administrators-General Act, 1963 is hereby published under the authority of the President and shall be deemed to be the authoritative text of this Act in Malayalam under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

അഡ്മിനിസ്ട്രേറ്റേഴ്സ്–ജനറൽ ആക്റ്റ്, 1963–ന്റെ മലയാള പരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ഇത് ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973–ലെ 50)–ന്റെ 2–ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതും ആകുന്നു.

DR. REETA VASISHTA,
*Secretary to the Government of India.*

# അഡ്മിനിസ്ട്രേറ്റേഴ്സ്-ജനറൽ ആക്റ്റ്, 1963

## (1963-ലെ 45-ാം നമ്പർ ആക്റ്റ്)

അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ ഉദ്യോഗവും കർത്തവ്യങ്ങളുമായി ബന്ധപ്പെട്ട നിയമം ഏകീകരിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനുമുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ പതിനാലാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു:—

### അദ്ധ്യായം I

### പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) **ഈ ആക്റ്റിന് അഡ്മിനിസ്ട്രേറ്റേഴ്സ്-ജനറൽ ആക്റ്റ്, 1963 എന്ന് പേര് പറയാം.**

(2) ഇതിന് [1][***] ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം മുഖേന, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "ആസ്തികൾ" എന്നാൽ മരിച്ചുപോയ ഒരാളിന്റെ, അയാളുടെ കടങ്ങളും ഒസ്യത്തവകാശങ്ങളും നൽകുന്നതിലേക്കായി ചുമത്താവുന്നതും ബാധകമാകുന്നതും അല്ലെങ്കിൽ അയാളുടെ അനന്തരാവകാശികൾക്കും അടുത്ത ബന്ധുക്കൾക്കുമായി വീതിക്കുന്നതിനുവേണ്ടി ലഭ്യമായതും ആയ, ജംഗമമോ സ്ഥാവരമോ ആയ എല്ലാ സ്വത്തുക്കളും എന്നർത്ഥമാകുന്നു;

(ഖ) "പരിപാലനാധികാരപത്രങ്ങൾ" എന്നതിൽ പൊതുവായതോ ഒരു ഒസ്യത്തുപകർപ്പ് അനുബന്ധമാക്കിയിട്ടുള്ളതോ, സമയപരിധിയുള്ളതോ, മറ്റുവിധത്തിലുള്ളതോ ആയ ഏതെങ്കിലും പരിപാലനാധികാരപത്രങ്ങളും ഉൾപ്പെടുന്നു;

(ഗ) "അടുത്ത ബന്ധു" എന്നതിൽ മരിച്ചുപോയ ഒരാളിന്റെ വിധുരനോ വിധവയോ അല്ലെങ്കിൽ മരിച്ചുപോയ ഒരാളിന്റെ ഉത്തമർണ്ണനോ ഒസ്യത്ത് അവകാശിക്കോ ഉപരിയായി പരിപാലനാധികാരപത്രങ്ങൾക്ക് നിയമാനുസൃതമായ അവകാശമുണ്ടായിരുന്ന മറ്റേതെങ്കിലും ആളോ ഉൾപ്പെടുന്നു; കൂടാതെ

(ഘ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു.

### അദ്ധ്യായം II

### അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ ഉദ്യോഗം

3. അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ നിയമനം.—(1) **സംസ്ഥാന സർക്കാർ ഒരു അഡ്മിനിസ്ട്രേറ്റർ-ജനറലിനെ സംസ്ഥാനത്തിനുവേണ്ടി നിയമിക്കേണ്ടതാണ്:**

---

1. 1968-ലെ 25-ാം ആക്റ്റ്, 2-ാം വകുപ്പും പട്ടികയും പ്രകാരം "ജമ്മു-കാശ്മീർ സംസ്ഥാനം ഒഴികെ" എന്ന വാക്കുകൾ വിട്ടുകളഞ്ഞു (15-8-1968 മുതൽ പ്രാബല്യം).

എന്നാൽ ഇതിൽ അടങ്ങിയിരിക്കുന്ന യാതൊന്നും രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾക്ക് വേണ്ടി ഒരേ ആളിന്റെ അഡ്മിനിസ്ട്രേറ്റർ-ജനറൽ ആയുള്ള നിയമനത്തെ തടയുന്നതായി കരുതാൻ പാടുള്ളതല്ല.

(2) യാതൊരാളെയും, അയാൾ ഏറ്റവും കുറഞ്ഞത്—

(ക) ഏഴുവർഷം ഒരു അഡ്വക്കേറ്റ്; അല്ലെങ്കിൽ

(ഖ) ഏഴുവർഷം ഒരു ഹൈക്കോടതി അറ്റോർണി; അല്ലെങ്കിൽ

(ഗ) പത്തുവർഷം ഒരു സംസ്ഥാനത്തെ നീതിന്യായ സർവ്വീസിലെ ഒരംഗം; അല്ലെങ്കിൽ

(ഘ) അഞ്ചുവർഷം ഡെപ്യൂട്ടി അഡ്മിനിസ്ട്രേറ്റർ-ജനറൽ,

ആയിരുന്നിട്ടില്ലാത്തപക്ഷം അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ ഉദ്യോഗത്തിൽ നിയമിക്കാൻ പാടുള്ളതല്ല.

4. ഡെപ്യൂട്ടി അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ നിയമനവും അധികാരങ്ങളും.—(1) സംസ്ഥാന സർക്കാരിന് അഡ്മിനിസ്ട്രേറ്റർ-ജനറലിനെ സഹായിക്കുന്നതിന് ഒരു ഡെപ്യൂട്ടിയെയോ ഡെപ്യൂട്ടിമാരെയോ നിയമിക്കാവുന്നതും; അപ്രകാരം നിയമിക്കപ്പെട്ട ഏതൊരു ഡെപ്യൂട്ടിക്കും, സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിനും അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ പൊതുവായ അല്ലെങ്കിൽ പ്രത്യേകമായ ഉത്തരവുകൾക്കും വിധേയമായും, അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ കർത്തവ്യങ്ങളിൽ ഏതെങ്കിലും നിർവ്വഹിക്കുന്നതിനും ഏതെങ്കിലും അധികാരങ്ങളിൽ ഏതെങ്കിലും വിനിയോഗിക്കുന്നതിനും ക്ഷമതയുണ്ടായിരിക്കുന്നതും, അങ്ങനെയുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുമ്പോഴോ അധികാരങ്ങൾ വിനിയോഗിക്കുമ്പോഴോ അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ അതേ സവിശേഷാധികാരങ്ങൾ ഉണ്ടായിരിക്കുന്നതും അതേ ബാദ്ധ്യതകൾക്ക് വിധേയനായിരിക്കുന്നതുമാണ്.

(2) യാതൊരാളെയും, അയാൾ കുറഞ്ഞത് മൂന്നുവർഷമെങ്കിലും—

(ക) ഒരു അഡ്വക്കേറ്റ്; അല്ലെങ്കിൽ

(ഖ) ഹൈക്കോടതിയിലെ ഒരു അറ്റോർണി; അല്ലെങ്കിൽ

(ഗ) ഒരു സംസ്ഥാന നീതിന്യായ സർവ്വീസിലെ ഒരംഗം,

ആയിരുന്നിട്ടില്ലാത്തപക്ഷം ഈ വകുപ്പ് പ്രകാരം ഒരു ഡെപ്യൂട്ടി ആയി നിയമിക്കാൻ പാടുള്ളതല്ല.

5. ഏകാംഗീകരണം.—അഡ്മിനിസ്ട്രേറ്റർ-ജനറൽ, അയാൾ ഏത് സംസ്ഥാനത്തിനു വേണ്ടിയാണോ നിയമിതനായിട്ടുള്ളത്, അതിന്റെ അഡ്മിനിസ്ട്രേറ്റർ-ജനറൽ എന്ന പേരിലുള്ള ഒരു ഒറ്റ അംഗ ഏകാംഗയോഗമായിരിക്കുന്നതും അഡ്മിനിസ്ട്രേറ്റർ-ജനറലിന് ആ നിലയിൽ ശാശ്വതമായ പിൻതുടർച്ചയും ഒരു ഔദ്യോഗിക മുദ്രയും ഉണ്ടായിരിക്കുന്നതും അയാളുടെ ഏകാംഗീകൃത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യാവുന്നതുമാണ്.

## അദ്ധ്യായം III

## അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ അവകാശങ്ങളും അധികാരങ്ങളും കർത്തവ്യങ്ങളും

### *(ക) പരിപാലനാധികാരപത്രങ്ങളും പ്രൊബേറ്റും അനുവദിക്കൽ*

6. ഹൈക്കോടതിയുടെ സംസ്ഥാനം മുഴുവനുമുള്ള അധികാരിത.—ഏതെങ്കിലും സംസ്ഥാനത്തെ അഡ്മിനിസ്ട്രേറ്റർ-ജനറലിനെ സംബന്ധിച്ചിടത്തോളം തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം പ്രൊബേറ്റോ പരിപാലനാധികാരപത്രങ്ങളോ അനുവദിക്കുന്ന ആവശ്യത്തിനുവേണ്ടി പരിപാലനം നടത്തേണ്ട സ്വത്ത്, സംസ്ഥാനത്തിനകത്ത് ഏത് സ്ഥലത്ത് സ്ഥിതി ചെയ്തിരുന്നാലും, ഹൈക്കോടതിയെ ക്ഷമതയോടുകൂടിയ അധികാരിതയുള്ള ഒരു കോടതിയായി കരുതേണ്ടതാണ്:

എന്നാൽ ഈ വകുപ്പിലെ യാതൊന്നും ഏതെങ്കിലും ജില്ലാ കോടതിയുടെ അധികാരിതയെ ബാധിക്കുന്നതായി വ്യാഖ്യാനിക്കാൻ പാടുള്ളതല്ല.

7. അടുത്ത ബന്ധുക്കൾക്ക് അനുവദിക്കാത്തപക്ഷം, അഡ്മിനിസ്ട്രേറ്റർ-ജനറലിന് പരിപാലനാധികാരപത്രങ്ങൾക്ക് അവകാശമുണ്ടായിരിക്കുമെന്ന്.—ഹൈക്കോടതി അനുവദിക്കുന്ന ഏതെങ്കിലും പരിപാലനാധികാരപത്രങ്ങൾ അവ മരിച്ചുപോയ ആളിന്റെ അടുത്ത ബന്ധുക്കൾക്ക് അനുവദിക്കാത്തപക്ഷം സംസ്ഥാനത്തെ അഡ്മിനിസ്ട്രേറ്റർ-ജനറലിന് അനുവദിക്കേണ്ടതാണ്.

8. ഉത്തമർണ്ണൻമാർക്കോ ചില ഒസ്യത്തവകാശികൾക്കോ സുഹൃത്തുക്കൾക്കോ ഉപരിയായി അഡ്മിനിസ്ട്രേറ്റർ-ജനറലിന് പരിപാലനാധികാരപത്രങ്ങൾക്ക് അവകാശമുണ്ടായിരിക്കുമെന്ന്.—വ്യവഹാരം നിലവിലിരിക്കുന്ന പത്രങ്ങൾ അല്ലാത്ത പരിപാലനാധികാരപത്രങ്ങൾക്ക്—

(ക) ഒരു ഉത്തമർണ്ണനോ;

(ഖ) ഒരു പൂർണ്ണ ഒസ്യത്തവകാശിയോ ഒരു ശിഷ്ട ഒസ്യത്തവകാശിയോ ഒരു ശിഷ്ട ഒസ്യത്തവകാശിയുടെ പ്രതിനിധിയോ അല്ലാത്ത ഒരു ഒസ്യത്തവകാശിക്കോ;

(ഗ) മരിച്ചുപോയ ആളിന്റെ ഒരു സുഹൃത്തിനോ,

ഉപരിയായി സംസ്ഥാന അഡ്മിനിസ്ട്രേറ്റർ-ജനറലിന് ഒരു അവകാശമുണ്ടായിരിക്കുമെന്ന് സംസ്ഥാനത്തെ എല്ലാ കോടതികളും കരുതേണ്ടതാണ്.

9. സ്വത്തുക്കളുടെ നടത്തിപ്പിനായി അപേക്ഷിക്കുന്നതിന് അഡ്മിനിസ്ട്രേറ്റർ-ജനറലിനുള്ള അവകാശം.—(1) (ക) ഏതെങ്കിലും സംസ്ഥാനത്ത് [1][പത്തു ലക്ഷം രൂപയിൽ] കവിഞ്ഞ മൂല്യമുള്ള ആസ്തികൾ അവശേഷിപ്പിച്ച് ഏതെങ്കിലും ആൾ മരിച്ചിട്ടുള്ളതും;

(ഖ) (അയാളുടെ ഒസ്യത്തിനോ അയാളുടെ സ്വത്തിന്റെ പരിപാലനാധികാരപത്രങ്ങൾക്കോ പ്രൊബേറ്റ് നേടണമെന്നത് നിയമബദ്ധം ആണെങ്കിലോ അല്ലെങ്കിലോ), അയാളുടെ മരണശേഷം ഒരു മാസത്തിനുള്ളിൽ, യാതൊരാൾക്കാണോ അങ്ങനെയുള്ള ആസ്തികളുടെ പരിപാലനം ഏൽപ്പിച്ചു കൊടുക്കുന്നതിന് ഏതെങ്കിലും കോടതിക്ക് അധികാരിത ഉണ്ടാകുമായിരുന്നത്, അയാൾ അങ്ങനെയുള്ള പ്രൊബേറ്റിനോ പരിപാലനാധികാരപത്രങ്ങൾക്കോ അങ്ങനെയുള്ള സംസ്ഥാനത്ത് അപേക്ഷിച്ചിട്ടില്ലാതിരിക്കുകയും;

(ഗ) [ഇന്ത്യൻ പിൻതുടർച്ച ആക്റ്റ്, 1925 (1925-ലെ 39)-ലെ വ്യവസ്ഥകൾ പ്രകാരം അങ്ങനെയുള്ള പ്രൊബേറ്റോ പരിപാലനാധികാരപത്രങ്ങളോ നേടുന്നത് നിയമബദ്ധമല്ലാത്ത സംഗതികളിൽ], യാതൊരാളും സ്വത്തിന്റെ സംരക്ഷണത്തിനായി മറ്റു നടപടിക്രമങ്ങളൊന്നും സ്വീകരിച്ചിട്ടില്ലാതിരിക്കുകയും,

ആണെങ്കിൽ അങ്ങനെയുള്ള ആസ്തികളുള്ള സംസ്ഥാനത്തെ അഡ്മിനിസ്ട്രേറ്റർ-ജനറലിന് സംസ്ഥാന സർക്കാർ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി, അങ്ങനെയുള്ള ആളിന്റെ മരണത്തെക്കുറിച്ചും അങ്ങനെയുള്ള ആസ്തികൾ അയാൾ അവശേഷിപ്പിച്ചതിനെക്കുറിച്ചും അറിവ് കിട്ടി ന്യായമായ സമയത്തിനുള്ളിൽ, അങ്ങനെയുള്ള ആളിന്റെ സ്വത്തിന്റെ പരിപാലനാധികാരപത്രങ്ങൾ ഹൈക്കോടതിയിൽ നിന്നും ലഭിക്കുന്നതിന് ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള നടപടിക്രമങ്ങൾ സ്വീകരിക്കാവുന്നതാണ്.

(2) അഡ്മിനിസ്ട്രേറ്റർ-ജനറൽ ഈ വകുപ്പ് പ്രകാരമുള്ള നടപടിക്രമങ്ങൾ, അദ്ദേഹം അങ്ങനെയുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചില്ലെങ്കിൽ അങ്ങനെയുള്ള ആസ്തികളുടെ ദുർവിനിയോഗമോ കേടുപറ്റലോ നാശമോ ഉണ്ടാകുമെന്ന ആശങ്കയുണ്ടെന്നോ അല്ലെങ്കിൽ ആസ്തികളുടെ സംരക്ഷണത്തിന് അങ്ങനെയുള്ള നടപടിക്രമങ്ങൾ മറ്റുവിധത്തിൽ ആവശ്യമാണെന്നോ അദ്ദേഹത്തിന് ബോധ്യപ്പെടാത്തപക്ഷം, സ്വീകരിക്കാൻ പാടുള്ളതല്ല.

1. 2012-ലെ 33-ാം ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ''രണ്ടു ലക്ഷം'' എന്നതിന് പകരം ചേർത്തത് (1-7-2012 മുതൽ പ്രാബല്യം).

10. സത്വര നടപടി ആവശ്യമുള്ളിടത്ത് ആസ്തികൾ ശേഖരിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും അഡ്മിനിസ്ട്രേറ്റർ-ജനറലിനുള്ള അധികാരം.—(1) ഏതെങ്കിലും സംസ്ഥാനത്ത് [1][പത്തു ലക്ഷം] രൂപയിൽ കവിഞ്ഞ മൂല്യമുള്ള ആസ്തികൾ അവശേഷിപ്പിച്ചുകൊണ്ട് ഏതെങ്കിലും ആൾ മരിച്ചിട്ടുള്ളപ്പോഴും ആ സംസ്ഥാനത്തെ ഹൈക്കോടതിക്ക് സത്വര നടപടി ആവശ്യമാകുന്ന, അങ്ങനെയുള്ള ആസ്തികളുടെ ദുർവിനിയോഗമോ കേടുപറ്റലോ നാശമോ മൂലമുള്ള ആസന്നമായ വിപത്ത് ഉണ്ടെന്ന് ബോദ്ധ്യപ്പെടുകയും ചെയ്യുമ്പോഴെല്ലാം അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെയോ അങ്ങനെയുള്ള ആസ്തികളിലോ അതിന്റെ യഥാവിധിയുള്ള പരിപാലനത്തിലോ തല്പരനായ ഏതെങ്കിലും ആളുടെയോ അപേക്ഷയിൻമേൽ ഹൈക്കോടതിക്ക്—

(ക) അങ്ങനെയുള്ള ആസ്തികൾ ശേഖരിക്കുന്നതിനും കൈവശത്തിൽ എടുക്കുന്നതിനും;

(ഖ) അത് ഹൈക്കോടതിയുടെ നിർദ്ദേശങ്ങളനുസരിച്ചും അങ്ങനെയുള്ള ഏതെങ്കിലും നിർദ്ദേശങ്ങളുടെ അഭാവത്തിൽ, അങ്ങനെയുള്ള ആസ്തികൾക്ക് ഈ ആക്റ്റിലെ വ്യവസ്ഥകൾ ബാധകമാകുന്നിടത്തോളം, അതേ വ്യവസ്ഥകൾ അനുസരിച്ചും കൈവശം വയ്ക്കുകയോ ഡെപ്പോസിറ്റ് ചെയ്യുകയോ ഈടാക്കുകയോ വിൽക്കുകയോ നിക്ഷേപിക്കുകയോ ചെയ്യുന്നതിനും,

അഡ്മിനിസ്ട്രേറ്റർ-ജനറലിനോട് ഉടനടി നിർദ്ദേശിക്കാവുന്നതാണ്.

(2) ഹൈക്കോടതിയുടെ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഏതെങ്കിലും ഉത്തരവ് അഡ്മിനിസ്ട്രേറ്റർ-ജനറലിനെ—

(ക) അങ്ങനെയുള്ള ആസ്തികൾ വീണ്ടെടുക്കുന്നതിന് ഏതെങ്കിലും വ്യവഹാരമോ നടപടിയോ തുടരുന്നതിനും;

(ഖ) അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്നുവെങ്കിൽ, മരിച്ചുപോയ അങ്ങനെയുള്ള ആളിന്റെ സ്വത്തിന്റെ പരിപാലനാധികാരപത്രങ്ങൾക്കുവേണ്ടി അപേക്ഷിക്കുന്നതിനും;

(ഗ) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരം ചുമത്താവുന്ന ഏതെങ്കിലും ഫീസ് സ്വത്തിന്റെ ആസ്തികളിൽ നിലനിർത്തുന്നതിനും;

(ഘ) ഒരു സ്വകാര്യ അഡ്മിനിസ്ട്രേറ്റർ അങ്ങനെയുള്ള ആസ്തികളെ സംബന്ധിച്ച് നിയമവിധേയമായി നടത്തിയേക്കാവുന്നതായ, അയാൾ നടത്തിയിട്ടുള്ള എല്ലാ പണം കൊടുക്കലുകളും അയാൾക്ക് തന്നെ മടക്കി നൽകുന്നതിനും,

അർഹനാക്കുന്നതാണ്.

11. അഡ്മിനിസ്ട്രേറ്റർ-ജനറൽ എടുക്കുന്ന നടപടികൾക്കിടയിൽ ഹാജരാകുന്ന ആൾക്ക് പ്രൊബേറ്റോ പരിപാലനാധികാരപത്രങ്ങളോ അനുവദിക്കുന്നത്.—9-ാം വകുപ്പിലെയോ 10-ാം വകുപ്പിലെയോ വ്യവസ്ഥകൾ പ്രകാരം പരിപാലനാധികാരപത്രങ്ങൾ ലഭിക്കുന്നതിനുള്ള നടപടികൾക്കിടയിൽ,—

(ക) ഏതെങ്കിലും ആൾ ഹാജരാകുകയും—

(i) മരിച്ചുപോയ ആളിന്റെ ഒസ്യത്ത് പ്രൊബേറ്റ് ചെയ്യുന്നതിനോ;

(ii) മരിച്ചുപോയ ആളിന്റെ അടുത്ത ബന്ധുവെന്ന നിലയിൽ പരിപാലനാധികാര പത്രങ്ങൾക്കോ,

അയാളുടെ അവകാശവാദം സ്ഥാപിക്കുകയും നിയമപ്രകാരം അയാളിൽ നിന്ന് ആവശ്യപ്പെടാവുന്ന അങ്ങനെയുള്ള ഈട് നൽകുകയും ചെയ്യുകയോ;

(ഖ) ഏതെങ്കിലും ആൾ, ഇന്ത്യൻ പിൻതുടർച്ച ആക്റ്റ്, 1925 (1925-ലെ 39)-ലെ വ്യവസ്ഥകൾ പ്രകാരം അങ്ങനെയുള്ള പ്രൊബേറ്റോ പരിപാലനാധികാരപത്രങ്ങളോ നേടേണ്ടത് നിയമബദ്ധമല്ലാത്ത ഒരു സംഗതിയിൽ, സ്വത്തിന്റെ സംരക്ഷണത്തിനായി താൻ വേണ്ടത്ര ശുഷ്കാന്തിയോടെ മറ്റു നടപടികൾ എടുത്തിട്ടുണ്ടെന്നും അവ തുടരുകയും ചെയ്യുന്നുവെന്ന് ഹൈക്കോടതിയെ ബോദ്ധ്യപ്പെടുത്തുകയോ;

1. 2012-ലെ 33-ാം ആക്റ്റ്, 2-ാം വകുപ്പുപ്രകാരം "രണ്ടു ലക്ഷം" എന്നതിന് പകരം ചേർത്തത് (1-7-2012 മുതൽ പ്രാബല്യം).

(ഗ) ഹൈക്കോടതിക്ക് ആസ്തികളുടെ ദുർവിനിയോഗമോ കേടുപറ്റലോ നാശമോ സംബന്ധിച്ച ആശങ്ക ഇല്ലെന്നും ആസ്തികളുടെ സംരക്ഷണത്തിനായി അങ്ങനെയുള്ള നടപടികളിൽ പരിപാലനാധികാരപത്രങ്ങൾ അനുവദിക്കുന്നത് മറ്റുവിധത്തിൽ ആവശ്യമില്ലെന്നും ബോദ്ധ്യപ്പെടുകയോ,

ചെയ്യുന്നുവെങ്കിൽ ഹൈക്കോടതി—

(1) (ക) ഖണ്ഡത്തിൽ പറഞ്ഞിരിക്കുന്ന സംഗതിയിൽ, അതനുസരിച്ച് ഒസ്യത്തിന്റെ പ്രൊബേറ്റോ പരിപാലനാധികാരപത്രങ്ങളോ അനുവദിക്കേണ്ടതാണ്;

(2) (ഖ) ഖണ്ഡത്തിലോ (ഗ) ഖണ്ഡത്തിലോ പറഞ്ഞിരിക്കുന്ന സംഗതിയിൽ, നടപടികൾ ഉപേക്ഷിക്കേണ്ടതാണ്; കൂടാതെ

(3) എല്ലാ സംഗതികളിലും അഡ്മിനിസ്ട്രേറ്റർ-ജനറലിന് ആ വകുപ്പുകൾ പ്രകാരം അദ്ദേഹം എടുത്തിട്ടുള്ള ഏതെങ്കിലും നടപടികളുടെ ചെലവുകൾ സ്വത്തിൽ നിന്നും, മരണപത്രത്തിന്റെ ഭാഗമായോ മരണശാസനം കൂടാതെയോ ഉള്ള അതിന്റെ ചെലവുകളുടെ ഭാഗമായി, നൽകേണ്ടതാണ്.

12. ചില സംഗതികളിൽ അഡ്മിനിസ്ട്രേറ്റർ-ജനറലിന് പരിപാലനാധികാരം അനുവദിക്കുന്നത്.—9-ാം വകുപ്പിലെയോ 10-ാം വകുപ്പിലെയോ വ്യവസ്ഥകൾ പ്രകാരം പരിപാലനാധികാരപത്രങ്ങൾ ലഭിക്കുന്നതിനുള്ള നടപടികൾക്കിടയിലും ഹൈക്കോടതിക്ക് ന്യായമെന്ന് തോന്നുന്ന അങ്ങനെയുള്ള കാലയളവിനുള്ളിലും, യാതൊരാളും ഹാജരാകുകയും ഒരു മരണശാസനം പ്രൊബേറ്റ് ചെയ്യുന്നതിനോ മരിച്ചുപോയ ആളിന്റെ അടുത്ത ബന്ധുവെന്ന നിലയിൽ പരിപാലനാധികാരപത്രങ്ങൾ അനുവദിക്കുന്നതിനോ ഉള്ള അയാളുടെ അവകാശവാദം സ്ഥാപിക്കുകയും ചെയ്യുന്നില്ലെങ്കിലോ, ഇന്ത്യൻ പിൻതുടർച്ച ആക്റ്റ്, 1925 (1925-ലെ 39)-ലെ വ്യവസ്ഥകൾ പ്രകാരം അങ്ങനെയുള്ള പ്രൊബേറ്റോ പരിപാലനാധികാരപത്രങ്ങളോ നേടേണ്ടത് നിയമബദ്ധമല്ലാത്ത ഒരു സംഗതിയിൽ, സ്വത്തിന്റെ സംരക്ഷണത്തിനായി അയാൾ വേണ്ടത്ര ശുഷ്കാന്തിയോടെ മറ്റു നടപടികൾ എടുത്തിട്ടുണ്ടെന്നും അവ തുടരുകയും ചെയ്യുന്നുവെന്ന് ഹൈക്കോടതിയെ ബോദ്ധ്യപ്പെടുത്തുന്നില്ലെങ്കിലോ, ഹൈക്കോടതിക്ക്, ആസ്തികളുടെ ദുർവിനിയോഗത്തിന്റെയോ കേടുപറ്റലിന്റെയോ നാശത്തിന്റെയോ ആശങ്കയുണ്ടെന്നോ, ആസ്തികളുടെ സംരക്ഷണത്തിനായി അങ്ങനെയുള്ള നടപടികളിൽ പരിപാലനാധികാരപത്രങ്ങൾ അനുവദിക്കുന്നത് മറ്റുവിധത്തിൽ ആവശ്യമാണെന്നോ ബോദ്ധ്യപ്പെടുകയും ചെയ്യുന്നെങ്കിൽ;

അല്ലെങ്കിൽ മരിച്ചുപോയ ആളിന്റെ അടുത്ത ബന്ധുവെന്ന നിലയിൽ പരിപാലനാധികാരപത്രങ്ങൾ അനുവദിക്കുന്നതിനുള്ള അയാളുടെ അവകാശവാദം സ്ഥാപിച്ചിട്ടുള്ള ഒരാൾ നിയമപ്രകാരം അയാളിൽ നിന്നും ആവശ്യപ്പെടാവുന്ന അങ്ങനെയുള്ള ഈട് നൽകുന്നതിൽ വീഴ്ച വരുത്തുന്നുവെങ്കിൽ,

ഹൈക്കോടതിക്ക് പരിപാലനാധികാരപത്രങ്ങൾ അഡ്മിനിസ്ട്രേറ്റർ-ജനറലിന് അനുവദിക്കാവുന്നതാണ്.

13. മരണശേഷം ഒരു മാസത്തിനുള്ളിൽ പത്രങ്ങൾക്ക് അപേക്ഷിക്കുന്നതിൽ നിന്നും അഡ്മിനിസ്ട്രേറ്റർ-ജനറലിനെ തടയുന്നില്ലെന്ന്.—ഈ ആക്റ്റിലെ യാതൊന്നും, ഏതെങ്കിലും സംഗതിയിൽ, മരിച്ചുപോയ ആൾ മരിച്ച് ഒരു മാസക്കാലയളവിനുള്ളിൽ പരിപാലനാധികാര പത്രങ്ങൾക്കുവേണ്ടി ഹൈക്കോടതിക്ക് അപേക്ഷ നൽകുന്നതിൽനിന്നും അഡ്മിനിസ്ട്രേറ്റർ-ജനറലിനെ തടയുന്നതായി കരുതാൻ പാടുള്ളതല്ല.

*(ഖ) അനുവാദങ്ങളുടെ റദ്ദാക്കൽ*

14. അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ പരിപാലനാധികാരം പിൻവലിക്കുന്നതും മരണശാസനം നടത്തിപ്പുകാരനോ അടുത്ത ബന്ധുവിനോ പ്രൊബേറ്റ് മുതലായവ അനുവദിക്കുന്നതും.—ഹാജരാകുന്നതിനുള്ള ഒരു ഉത്തരവ് വ്യക്തിപരമായി നൽകപ്പെട്ടിട്ടില്ലാത്തതോ അതിനെത്തുടർന്ന് സമയത്ത് ഹാജരാകുന്നതിന് അതിന്റെ അറിയിപ്പ് ലഭിച്ചിട്ടില്ലാത്തതോ ആയ, മരിച്ചുപോയ ആളിന്റെ ഒരു മരണശാസനം നടത്തിപ്പുകാരനോ അടുത്ത ബന്ധുവോ, അഡ്മിനിസ്ട്രേറ്റർ-ജനറലിന് ഉപരിയായി മരണശാസനത്തിന്റെ പ്രൊബേറ്റിനോ പരിപാലനാധികാരപത്രങ്ങൾക്കോ ഉള്ള ഒരു അവകാശവാദം

ഹൈക്കോടതിക്ക് ബോദ്ധ്യപ്പെടുംവിധം സ്ഥാപിക്കുകയാണെങ്കിൽ, ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്കനുസൃതമായി അഡ്മിനിസ്ട്രേറ്റർ-ജനറലിന് അനുവദിച്ച ഏതെങ്കിലും പരിപാലനാധികാരപത്രങ്ങൾ—

(ക) മരിച്ചുപോയ ആളിന്റെ ഒരു മരണശാസനം സംസ്ഥാനത്ത് തെളിയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, റദ്ദാക്കേണ്ടതും;

(ഖ) മറ്റു സംഗതികളിൽ, ആ ആവശ്യത്തിനായി അഡ്മിനിസ്ട്രേറ്റർ-ജനറലിന് അനുവദിച്ചതിനുശേഷം ഒരു അപേക്ഷ ആറു മാസങ്ങൾക്കകം നൽകുകയും, അപേക്ഷ നൽകുന്നതിലോ, ഏത് അധികാരത്തിൻകീഴിലാണോ അപേക്ഷ നൽകുന്നത് അത് അറിയിക്കുന്നതിലോ ന്യായരഹിതമായ യാതൊരു കാലതാമസവും ഉണ്ടായിട്ടില്ലെന്ന് ഹൈക്കോടതിക്ക് ബോദ്ധ്യപ്പെടുകയും ചെയ്യുന്നെങ്കിൽ, റദ്ദാക്കാവുന്നതും,

പ്രൊബേറ്റോ പരിപാലനാധികാരപത്രങ്ങളോ അങ്ങനെയുള്ള മരണശാസനം നടത്തിപ്പുകാരനോ അടുത്ത ബന്ധുവിനോ, അതതുസംഗതിപോലെ, അനുവദിക്കാവുന്നതുമാണ്.

15. <u>റദ്ദാക്കലിൻമേൽ പരിപാലനാധികാരം നേടുന്നതിനും മുതലായവയ്ക്കുമുള്ള ചെലവ് സ്വത്തിൽ നിന്നും അഡ്മിനിസ്ട്രേറ്റർ-ജനറലിന് നൽകണമെന്ന് ഉത്തരവാകാമെന്ന്.</u>—ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി ഏതെങ്കിലും പരിപാലനാധികാരപത്രങ്ങൾ അഡ്മിനിസ്ട്രേറ്റർ-ജനറലിന് അനുവദിച്ചത് റദ്ദാക്കുകയാണെങ്കിൽ, ഹൈക്കോടതിക്ക്, അങ്ങനെയുള്ള പരിപാലനാധികാരപത്രങ്ങൾ നേടുന്നതിനുള്ള ചെലവുകളും, ഈ ആക്റ്റ് പ്രകാരം മറ്റുവിധത്തിൽ നൽകേണ്ടതാകുമായിരുന്ന ഏതെങ്കിലും ഫീസും, മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ, അങ്ങനെയുള്ള റദ്ദാക്കൽ നേടുന്നതിന് സ്വീകരിച്ച ഏതെങ്കിലും നടപടികളിൽ അഡ്മിനിസ്ട്രേറ്റർ-ജനറലിനുള്ള ചെലവുകൾ സഹിതം, അഡ്മിനിസ്ട്രേറ്റർ-ജനറലിന് സ്വത്തിൽ നിന്ന് നൽകണമെന്നോ സ്വത്തിൽ നിന്ന് അദ്ദേഹത്തിന്റെ കൈവശം തുടരണമെന്നോ ഉത്തരവാകാവുന്നതാണ്:

എന്നാൽ ഈ വകുപ്പിലെ യാതൊന്നും 10-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ (ഗ)-യും (ഘ)-യും ഖണ്ഡങ്ങളിലെ വ്യവസ്ഥകളെ ബാധിക്കുന്നതല്ല.

16. <u>റദ്ദാക്കലിനുശേഷം അഡ്മിനിസ്ട്രേറ്റർ-ജനറലിന് അനുവദിച്ച പത്രങ്ങൾ, അദ്ദേഹത്തെ സംബന്ധിച്ച്, അസാധുവാക്കിത്തീർക്കാവുന്നത് മാത്രമായിരിക്കുമെന്ന് കരുതണമെന്ന്.</u>—ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി അഡ്മിനിസ്ട്രേറ്റർ-ജനറലിന് അനുവദിച്ച ഏതെങ്കിലും പരിപാലനാധികാര പത്രങ്ങൾ റദ്ദാക്കപ്പെടുകയാണെങ്കിൽ, അത്, അഡ്മിനിസ്ട്രേറ്റർ-ജനറലിനെയും അതിനനുസൃതമായി അദ്ദേഹത്തിന്റെ അധികാരിതയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ആളുകളെയും സംബന്ധിച്ചിടത്തോളം, അങ്ങനെയുള്ള പത്രങ്ങളെ അസാധുവാക്കിത്തീർക്കുമായിരുന്ന ഒരു മരണശാസനമോ മറ്റേതെങ്കിലും വസ്തുതയോ ശ്രദ്ധയിൽപ്പെട്ടതിനുശേഷം, അങ്ങനെയുള്ള ഏതെങ്കിലും അഡ്മിനിസ്ട്രേറ്റർ-ജനറലോ മേൽപ്പറഞ്ഞ മറ്റ് ആളുകളോ ചെയ്ത ഏതെങ്കിലും പ്രവൃത്തിയെ സംബന്ധിച്ചല്ലാതെ, അസാധുവാക്കി തീർക്കാവുന്നത് മാത്രമായിരിക്കുമെന്ന് കരുതപ്പെടേണ്ടതാണ്:

എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും പത്രങ്ങളെ അസാധുവാക്കുമായിരുന്ന ഒരു മരണശാസനത്തിന്റെയോ മറ്റേതെങ്കിലും വസ്തുതയുടെയോ യാതൊരു അറിയിപ്പും അങ്ങനെയുള്ള അറിയിപ്പ് നൽകുന്ന സമയം മുതൽ ഒരു മാസക്കാലയളവിനുള്ളിൽ മരണശാസനം തെളിയിക്കുന്നതിനോ പത്രങ്ങൾ റദ്ദാക്കപ്പെടുന്നതിന് ഇടയാക്കുന്നതിനോ ഉള്ള നടപടികൾ ആരംഭിക്കുകയും അകാരണമായ കാലതാമസം കൂടാതെ അങ്ങനെയുള്ള നടപടികൾ തുടരുകയും ചെയ്യാത്തപക്ഷം, അഡ്മിനിസ്ട്രേറ്റർ-ജനറലിനെയോ അങ്ങനെയുള്ള പത്രങ്ങൾക്ക് അനുസൃതമായി അയാളുടെ അധികാരിതയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും ആളിനെയോ ബാധിക്കുന്നതല്ല.

17. റദ്ദാക്കലിനുമുമ്പ് അഡ്മിനിസ്ട്രേറ്റർ-ജനറൽ നടത്തിയ പണം കൊടുക്കലുകൾ.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി അഡ്മിനിസ്ട്രേറ്റർ-ജനറലിന് അനുവദിച്ച ഏതെങ്കിലും പരിപാലനാധികാരപത്രങ്ങൾ ഒരു മരണശാസനത്തിന് പ്രൊബേറ്റ് അനുവദിക്കുന്നതിൻമേലോ മരണശാസനത്തിന്റെ ഒരു പകർപ്പ് അനുബന്ധമാക്കിയിട്ടുള്ള പരിപാലനാധികാരപത്രങ്ങൾ അനുവദിക്കുന്നതിൻമേലോ റദ്ദാക്കപ്പെടുകയാണെങ്കിൽ, റദ്ദാക്കലിനുമുൻപ് നിയമപരമായി അദ്ദേഹത്തിന് അനുവദിച്ച അങ്ങനെയുള്ള മരണശാസനത്തിന്റെ ഒരു പകർപ്പ് അനുബന്ധമാക്കിയ ഏതെങ്കിലും പരിപാലനാധികാരപത്രങ്ങൾ പ്രകാരം സാധുതയുള്ളത് ആകാമായിരുന്ന, അങ്ങനെയുള്ള പരിപാലനാധികാരപത്രങ്ങൾക്ക് അനുസൃതമായി അഡ്മിനിസ്ട്രേറ്റർ-ജനറലോ അദ്ദേഹത്തിന്റെ അധികാരിതയിൻകീഴിലോ നടത്തിയ എല്ലാ പണംകൊടുക്കലുകളോ ചെയ്ത പ്രവൃത്തികളോ, അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, സാധുതയുള്ളതായി കരുതപ്പെടേണ്ടതാണ്.

*(ഗ) പൊതുവായത്*

18. പരിപാലനാധികാരപത്രങ്ങൾ അനുവദിക്കുന്നതിനുള്ള അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ ഹർജി.— ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി ഏതെങ്കിലും അഡ്മിനിസ്ട്രേറ്റർ-ജനറൽ പരിപാലനാധികാരപത്രങ്ങൾക്കായി അപേക്ഷിക്കുമ്പോഴെല്ലാം അങ്ങനെയുള്ള പത്രങ്ങൾ അനുവദിക്കുന്നതിനുവേണ്ടി സമർപ്പിക്കേണ്ടത് ആവശ്യമായ ഹർജി,—

(i) ഹർജിക്കാരന്റെ പൂർണ്ണമായ അറിവിലും വിശ്വാസത്തിലുംപെട്ടിടത്തോളം മരിച്ചുപോയ ആളിന്റെ മരണത്തിന്റെ സമയവും സ്ഥലവും;

(ii) മരിച്ചുപോയ ആളിന്റെ അതിജീവിക്കുന്ന അടുത്ത ബന്ധുക്കളുടെ പേരുകളും വിലാസങ്ങളും, അറിയാമെങ്കിൽ;

(iii) ഹർജിക്കാരന്റെ കൈകളിൽ വന്നുചേരാൻ ഇടയുള്ള ആസ്തികളുടെ വിവരങ്ങളും മൂല്യവും;

(iv) സ്വത്തിന്റെ ബാദ്ധ്യതകളുടെ വിവരങ്ങൾ, അറിയാമെങ്കിൽ,

പ്രസ്താവിക്കുന്നുണ്ടെങ്കിൽ മതിയായതാണ്.

19. പ്രൊബേറ്റോ പത്രങ്ങളോ അനുവദിക്കേണ്ടത് ഏത് പേരിലാണെന്ന്.—ഏതെങ്കിലും അഡ്മിനിസ്ട്രേറ്റർ-ജനറലിന് അനുവദിക്കുന്ന എല്ലാ പ്രൊബേറ്റുകളോ പരിപാലനാധികാരപത്രങ്ങളോ അയാൾക്ക് ആ പേരിൽ അനുവദിക്കേണ്ടതാണ്.

20. അഡ്മിനിസ്ട്രേറ്റർ-ജനറലിന് അനുവദിക്കുന്ന പ്രൊബേറ്റുകളുടെയോ പത്രങ്ങളുടെയോ പ്രഭാവം.—(1) ഏതെങ്കിലും സംസ്ഥാനത്തെ അഡ്മിനിസ്ട്രേറ്റർ-ജനറലിന് ഹൈക്കോടതി അനുവദിക്കുന്ന പ്രൊബേറ്റിനോ പരിപാലനാധികാരപത്രങ്ങൾക്കോ മരിച്ചുപോയ ആളിന്റെ [1][ഇന്ത്യ] ഒട്ടാകെയുള്ള എല്ലാ ആസ്തികളുടെമേലും പ്രഭാവമുണ്ടായിരിക്കുന്നതും മരിച്ചുപോയ ആളിന്റെ എല്ലാ അധമർണ്ണൻമാർക്കും അങ്ങനെയുള്ള ആസ്തികൾ കൈവശം വയ്ക്കുന്ന എല്ലാ ആളുകൾക്കും എതിരായുള്ള പ്രാതിനിധ്യ അവകാശം സംബന്ധിച്ച് നിർണ്ണായകമായിരിക്കുന്നതും, അങ്ങനെയുള്ള അഡ്മിനിസ്ട്രേറ്റർ-ജനറലിന് അവരുടെ കടങ്ങൾ വീട്ടുന്ന എല്ലാ അധമർണ്ണൻമാർക്കും അങ്ങനെയുള്ള ആസ്തികൾ വിട്ടുകൊടുക്കുന്ന എല്ലാ ആളുകൾക്കും പൂർണ്ണ ബാദ്ധ്യതാവിമുക്തി നൽകേണ്ടതുമാണ്.

(2) ഒരു ഹൈക്കോടതി, അഡ്മിനിസ്ട്രേറ്റർ-ജനറലിന് പ്രൊബേറ്റോ പരിപാലനാധികാരപത്രങ്ങളോ അനുവദിച്ചു നൽകുമ്പോഴെല്ലാം, മറ്റു സംസ്ഥാനങ്ങൾക്ക് വേണ്ടിയുള്ള ഹൈക്കോടതികൾക്ക് അങ്ങനെയുള്ള അനുവാദം നൽകിയിട്ടുണ്ടെന്ന ഒരു സർട്ടിഫിക്കറ്റ് ഹൈക്കോടതി അയയ്ക്കേണ്ടതും അത് ലഭിക്കുന്ന ഹൈക്കോടതി അങ്ങനെയുള്ള സർട്ടിഫിക്കറ്റ് ഫയൽ ചെയ്യേണ്ടതുമാണ്.

---

1. 1968-ലെ 25-ാം ആക്റ്റ്, 2-ാം വകുപ്പും പട്ടികയും പ്രകാരം "ഈ ആക്റ്റിന് വ്യാപ്തിയുള്ള ഭൂപ്രദേശങ്ങൾ" എന്നതിന് പകരം ചേർത്തത് (15-8-1968 മുതൽ പ്രാബല്യം).

[1][(3) സെൻട്രൽ ലാസ് (എക്സ്റ്റെൻഷൻ റ്റു ജമ്മു-കാശ്മീർ) ആക്റ്റ്, 1968-ന്റെ പ്രാരംഭത്തിനു മുൻപ് ജമ്മു-കാശ്മീർ* സംസ്ഥാനത്തിനുവേണ്ടിയുള്ള ഹൈക്കോടതി അനുവദിച്ച ഏതെങ്കിലും പ്രൊബേറ്റിനോ പരിപാലനാധികാരപത്രങ്ങൾക്കോ അങ്ങനെയുള്ള പ്രാരംഭത്തിനുശേഷം അങ്ങനെയുള്ള പ്രൊബേറ്റോ പരിപാലനാധികാരപത്രങ്ങളോ ഈ വകുപ്പ് പ്രകാരം അനുവദിച്ചിട്ടുണ്ടായിരുന്നു എന്നതുപോലെ പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.]

21. *[ജമ്മു-കാശ്മീർ ഹൈക്കോടതി നൽകുന്ന അനുവാദത്തിനുള്ള പ്രഭാവം.] സെൻട്രൽ ലാസ് (എക്സ്റ്റെൻഷൻ റ്റു ജമ്മു-കാശ്മീർ) ആക്റ്റ്, 1968 (1968-ലെ 25) 2-ാം വകുപ്പും പട്ടികയും പ്രകാരം വിട്ടുകളഞ്ഞു (15-8-1968 മുതൽ പ്രാബല്യം).*

22. പ്രൊബേറ്റോ പത്രങ്ങളോ പ്രകാരമുള്ള അവകാശം സ്വകാര്യ നടത്തിപ്പുകാരനോ അഡ്മിനിസ്ട്രേറ്ററോ കൈമാറ്റം ചെയ്യുന്നത്.—(1) ഏതെങ്കിലും സ്വകാര്യ മരണശാസനം നടത്തിപ്പുകാരനോ അഡ്മിനിസ്ട്രേറ്റർക്കോ ഏത് സ്വത്തിന്റെ ആസ്തികൾ സംബന്ധിച്ചാണോ അങ്ങനെയുള്ള നടത്തിപ്പുകാരനോ അഡ്മിനിസ്ട്രേറ്ററോ പ്രൊബേറ്റ് അല്ലെങ്കിൽ പരിപാലനാധികാര പത്രങ്ങൾ നേടിയിട്ടുള്ളത്, അതിൽ ഏതെങ്കിലും സ്ഥിതി ചെയ്യുന്ന സംസ്ഥാനത്തെ അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ അങ്ങനെയുള്ള പ്രൊബേറ്റിന്റെയോ പത്രങ്ങളുടെയോ അടിസ്ഥാനത്തിൽ അയാളിൽ നിക്ഷിപ്തമാക്കിയിട്ടുള്ള സ്വത്തിന്റെ ആസ്തികൾ, അഡ്മിനിസ്ട്രേറ്റർ-ജനറലിന്, ആ പേരിലോ മറ്റ് ഏതെങ്കിലും മതിയായ വിവരണത്താലോ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള, സ്വന്തം കൈപ്പടയിൽ എഴുതിയ ഒരു കരണം മുഖേന കൈമാറ്റം ചെയ്യാവുന്നതാണ്.

(2) അങ്ങനെയുള്ള കൈമാറ്റ തീയതി മുതൽ, അങ്ങനെയുള്ള കൈമാറ്റ തീയതിക്ക് മുമ്പ് നടന്ന പ്രവർത്തികൾ സംബന്ധിച്ചല്ലാതെ, കൈമാറ്റക്കാരൻ, അങ്ങനെയുള്ള മരണശാസനം നടത്തിപ്പുകാരനോ അഡ്മിനിസ്ട്രേറ്ററോ എന്ന നിലയിൽ, അതതുസംഗതിപോലെ, എല്ലാ ബാദ്ധ്യതകളിൽ നിന്നും ഒഴിവാകുന്നതും അഡ്മിനിസ്ട്രേറ്റർ-ജനറലിന് അങ്ങനെയുള്ള കൈമാറ്റ തീയതിയിൽ, പ്രൊബേറ്റോ പരിപാലനാധികാരപത്രങ്ങളോ, അതതുസംഗതിപോലെ, അദ്ദേഹത്തിന് ആ പേരിൽ അനുവദിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ ഉണ്ടാകുമായിരുന്ന അവകാശങ്ങൾ ഉണ്ടായിരിക്കുന്നതും, അദ്ദേഹം വിധേയനാകുമായിരുന്ന ബാദ്ധ്യതകൾക്ക് വിധേയനായിരിക്കുന്നതുമാണ്.

23. ആസ്തികളുടെ വീതിപ്പ്.—(1) അഡ്മിനിസ്ട്രേറ്റർ-ജനറൽ ഉത്തമർണ്ണൻമാർക്കും മറ്റുള്ളവർക്കും മരിച്ചുപോയ ആളിന്റെ സ്വത്തിനെതിരെ അവരുടെ അവകാശവാദങ്ങൾ അദ്ദേഹത്തിന് അയച്ചു കൊടുക്കുന്നതിന് നിർണ്ണയിക്കപ്പെട്ട നോട്ടീസ് നൽകുകയും അവകാശവാദങ്ങൾ അയച്ചുകൊടുക്കുന്നതിന് അതിൽ പറഞ്ഞിരിക്കുന്ന സമയം അവസാനിക്കുകയും ചെയ്യുമ്പോൾ അദ്ദേഹത്തിന്, ആസ്തികളോ അതിന്റെ ഏതെങ്കിലും ഭാഗമോ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ വന്ന പ്രകാരമുള്ള അങ്ങനെയുള്ള നിയമാനുസൃത അവകാശവാദങ്ങളിലെ ബാദ്ധ്യത തീർക്കുന്നതിനായി വീതിക്കുന്നതിന് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

(2) അഡ്മിനിസ്ട്രേറ്റർ-ജനറൽ, അപ്രകാരം വീതിച്ച ആസ്തികൾക്ക് അങ്ങനെയുള്ള വീതിപ്പ് നടത്തിയ സമയത്ത് ഏതൊരാളുടെ അവകാശവാദങ്ങളാണോ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ വരാതിരുന്നത് അയാളോട് ബാദ്ധ്യസ്ഥനായിരിക്കുന്നതല്ല.

(3) അഡ്മിനിസ്ട്രേറ്റർ-ജനറലിന്, അയച്ചുകൊടുത്തതും അദ്ദേഹം നിരസിച്ചതോ ഭാഗികമായി അനുവദിക്കാതിരുന്നതോ ആയ ഏതെങ്കിലും അവകാശവാദം സംബന്ധിച്ച യാതൊരു നോട്ടീസും, അങ്ങനെയുള്ള അവകാശവാദത്തിന്റെ നിരസിക്കലോ അനുവദിക്കാതിരിക്കലോ സംബന്ധിച്ച നോട്ടീസ് നിർണ്ണയിക്കപ്പെട്ട രീതിയിൽ നൽകിയതിനുശേഷം ഒരു മാസത്തിനുള്ളിൽ അങ്ങനെയുള്ള അവകാശവാദം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കാത്തപക്ഷവും അങ്ങനെയുള്ള നടപടികൾ ന്യായരഹിതമായ കാലതാമസം കൂടാതെ തുടരാത്തപക്ഷവും, അദ്ദേഹത്തെ ബാധിക്കുന്നതല്ല.

1. 1968-ലെ 25-ാം ആക്റ്റ്, 2-ാം വകുപ്പും പട്ടികയും പ്രകാരം ചേർത്തത് (15-8-1968 മുതൽ പ്രാബല്യം).

* 2019-ഒക്ടോബർ 30-ലെ എസ്. ഒ. 3912 (ഇ) നമ്പർ വിജ്ഞാപന പ്രകാരം ഈ ആക്റ്റ് ജമ്മു-കാശ്മീർ യൂണിയൻ പ്രദേശത്തിനും ലഡാക്ക് യൂണിയൻ പ്രദേശത്തിനും ബാധകമാക്കുന്നു.

(4) ഈ വകുപ്പിലെ യാതൊന്നും, ആളുകളുടെ കൈയിലുള്ള, അവർക്ക് കിട്ടിയിരിക്കാവുന്ന, യഥാക്രമമുള്ള ആസ്തികളുടെയോ അതിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ പിന്നാലെ പോകുന്നതിനുള്ള ഏതെങ്കിലും ഉത്തമർണ്ണന്റെയോ മറ്റ് അവകാശവാദിയുടെയോ അവകാശത്തിന് ഭംഗം വരുത്തുന്നതല്ല.

(5) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഏതെങ്കിലും വ്യവഹാരത്തിനോ അപ്പീലിനോ അപേക്ഷയ്ക്കോ ഉള്ള കാലഹരണാവധി കണക്കാക്കുന്നതിൽ, അഡ്മിനിസ്ട്രേറ്റർ-ജനറലിന് ഒരു ഉത്തമർണ്ണന്റെയോ മറ്റ് അവകാശവാദിയുടെയോ അവകാശവാദം സമർപ്പിക്കുന്ന തീയതിക്കും അങ്ങനെയുള്ള അവകാശവാദത്തിൻമേൽ അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ അന്തിമ തീരുമാനത്തിന്റെ തീയതിക്കും ഇടയിലുള്ള കാലയളവ് ഒഴിവാക്കേണ്ടതാണ്.

24. പരിപാലനത്തിന്റെ പൂർത്തിയാക്കലിന് ശേഷം ആസ്തികളുടെ ട്രസ്റ്റിയായി ഒഫീഷ്യൽ ട്രസ്റ്റിയുടെ നിയമനം.—(1) അഡ്മിനിസ്ട്രേറ്റർ-ജനറൽ അദ്ദേഹം പരിപാലനം നടത്തിയ ഒരു സ്വത്തിന്റെ എല്ലാ ബാദ്ധ്യതകളും ആകാവുന്നത്ര തീർത്തിട്ടുള്ളപ്പോൾ അദ്ദേഹം ആ വസ്തുത ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതും ഒഫീഷ്യൽ ട്രസ്റ്റിയുടെ സമ്മതത്തോടെയും സംസ്ഥാന സർക്കാർ ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായും, ലിഖിതമായ ഒരു കരണം മുഖേന അപ്പോൾ അദ്ദേഹത്തിന്റെ കൈയിൽ അവശേഷിക്കുന്ന ഏതെങ്കിലും ആസ്തികളുടെ ട്രസ്റ്റിയായി ഒഫീഷ്യൽ ട്രസ്റ്റിയെ അദ്ദേഹത്തിന് നിയമിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള നിയമനത്തിൻമേൽ, അങ്ങനെയുള്ള ആസ്തികൾ ഒഫീഷ്യൽ ട്രസ്റ്റിയിൽ, അദ്ദേഹം ട്രസ്റ്റിയായി ഒഫീഷ്യൽ ട്രസ്റ്റീസ് ആക്റ്റ്, 1913 (1913-ലെ 2)-ലെ വ്യവസ്ഥകൾക്ക് അനുസൃതമായി നിയമിക്കപ്പെട്ടിട്ടുണ്ടായിരുന്നു എന്ന പോലെ നിക്ഷിപ്തമാക്കുന്നതും, അങ്ങനെയുള്ള നിയമനത്തിന് തൊട്ടുമുൻപ് അവ കൈവശംവച്ചിരുന്നതുപോലെ അതേ ട്രസ്റ്റുകളിൻമേൽ അദ്ദേഹം കൈവശംവയ്ക്കേണ്ടതുമാണ്.

25. സ്വത്തുക്കളുടെ പരിപാലനം സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിന് ഹൈക്കോടതിയുടെ അധികാരം.—ഹൈക്കോടതിക്ക് അഡ്മിനിസ്ട്രേറ്റർ-ജനറലോ, ആസ്തികളിലോ അവയുടെ യഥാവിധിയായ പരിപാലനത്തിലോ തത്പരനായ ഏതെങ്കിലും ആളോ അതിന് നൽകിയ അപേക്ഷയിൻമേൽ സംസ്ഥാനത്തെ അഡ്മിനിസ്ട്രേറ്റർ-ജനറലിന്, അദ്ദേഹത്തിന്റെ ചുമതലയിലുള്ള ഏതെങ്കിലും സ്വത്തിനെ സംബന്ധിച്ചോ അങ്ങനെയുള്ള ഏതെങ്കിലും സ്വത്തിന്റെ പരിപാലനം സംബന്ധിച്ചോ പൊതുവായതോ പ്രത്യേകമായതോ ആയ ഏതെങ്കിലും നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

26. അഡ്മിനിസ്ട്രേറ്റർ-ജനറലിൽ നിന്നും യാതൊരു ഈടും ആവശ്യപ്പെടേണ്ടതില്ലെന്ന്.—യാതൊരു അഡ്മിനിസ്ട്രേറ്റർ-ജനറലിനോടും, ആ പേരിൽ അദ്ദേഹത്തിന് ഏതെങ്കിലും പരിപാലനാധികാര പത്രങ്ങൾ അനുവദിക്കുന്നതിൻമേൽ ഏതെങ്കിലും അഡ്മിനിസ്ട്രേഷൻ ബോണ്ടിൽ ഏർപ്പെടുന്നതിനോ കോടതിക്ക് മറ്റ് ഈട് നൽകുന്നതിനോ ഏതെങ്കിലും കോടതി ആവശ്യപ്പെടാൻ പാടുള്ളതല്ല.

27. അഡ്മിനിസ്ട്രേറ്റർ-ജനറൽ ഹർജി സത്യബോധപ്പെടുത്തേണ്ട രീതി.—യാതൊരു അഡ്മിനിസ്ട്രേറ്റർ-ജനറലും, ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അദ്ദേഹം ബോധിപ്പിക്കുന്ന ഏതെങ്കിലും ഹർജി അദ്ദേഹത്തിന്റെ കൈയൊപ്പിനാലല്ലാതെ മറ്റുവിധത്തിൽ സത്യബോധപ്പെടുത്തുന്നതിന് ആവശ്യപ്പെടാൻ പാടില്ലാത്തതും അങ്ങനെയുള്ള ഏതെങ്കിലും ഹർജിയിൽ പറഞ്ഞിട്ടുള്ള വസ്തുതകൾ അദ്ദേഹത്തിന്റെ നേരിട്ടുള്ള അറിവിൽപ്പെടുന്നതല്ലെങ്കിൽ, ഹർജി സത്യബോധപ്പെടുത്തുന്നതിന് ക്ഷമതയുള്ള ഏതെങ്കിലും ആളിന് ഒപ്പു വയ്ക്കാവുന്നതും സത്യബോധപ്പെടുത്താവുന്നതുമാണ്.

28. അഡ്മിനിസ്ട്രേറ്റർ-ജനറൽ എന്ന ഉൾക്കുറിപ്പ് ഒരു ട്രസ്റ്റാണെന്നുള്ള അറിയിപ്പ് ആകുന്നതല്ലെന്ന്.—ഒരു കമ്പനിയുടെ ബുക്കുകളിലുള്ള അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ ആ പേരിലുള്ള ഉൾക്കുറിപ്പ് ഒരു ട്രസ്റ്റാണെന്ന അറിയിപ്പ് ആകുന്നതല്ലാത്തതും അഡ്മിനിസ്ട്രേറ്റർ-ജനറൽ ഒരു ഏകാംഗയോഗമാണെന്ന കാരണത്താൽ മാത്രം അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ പേര് അതിന്റെ രജിസ്റ്ററിൽ ചേർക്കുന്നതിന് ആക്ഷേപം ഉന്നയിക്കാൻ ഒരു കമ്പനിക്ക് അർഹതയുണ്ടായിരിക്കുന്നതല്ലെന്നും ആസ്തികൾ കൈകാര്യം ചെയ്യുന്നതിൽ ഇടപെടുന്ന ആൾ അഡ്മിനിസ്ട്രേറ്റർ-ജനറൽ ആണെന്നുള്ള വസ്തുതകൊണ്ടുമാത്രം ഒരു ട്രസ്റ്റാണെന്നതിന്റെ അറിയിപ്പ് അല്ലാത്തതുമാകുന്നു.

## അദ്ധ്യായം IV

## സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്

29. അഡ്മിനിസ്ട്രേറ്റർ-ജനറലിന് ഏതൊക്കെ സംഗതികളിൽ സർട്ടിഫിക്കറ്റ് അനുവദിക്കാമെന്ന്.—(1) ഏതെങ്കിലും സംസ്ഥാനത്ത് ആസ്തികൾ അവശേഷിപ്പിച്ചുകൊണ്ട് ഏതെങ്കിലും ആൾ മരിക്കുകയും ഒരു സർക്കാർ സേവിംഗ്സ് ബാങ്കിലോ പ്രോവിഡന്റ് ഫണ്ട് ആക്റ്റ്, 1925 (1925-ലെ 19)-ലെ വ്യവസ്ഥകൾ ബാധകമാകുന്ന ഏതെങ്കിലും പ്രോവിഡന്റ് ഫണ്ടിലോ നിക്ഷേപിച്ചിട്ടുള്ള പണത്തിന്റെ ഏതെങ്കിലും തുക ഒഴിവാക്കിയുള്ള, അങ്ങനെയുള്ള ആസ്തികളുടെ മൂല്യം മരണത്തിന്റെ തീയതിയിൽ മൊത്തം [1][പത്തുലക്ഷം] രൂപയിൽ കവിഞ്ഞിട്ടില്ലെന്ന് അങ്ങനെയുള്ള സംസ്ഥാനത്തെ അഡ്മിനിസ്ട്രേറ്റർ-ജനറലിന് ബോദ്ധ്യപ്പെടുകയും ചെയ്യുമ്പോഴെല്ലാം അദ്ദേഹത്തിന് ഉത്തമർണ്ണൻ എന്ന നിലയിലല്ലാതെ അങ്ങനെയുള്ള ആസ്തികളിലോ അതിന്റെ യഥാവിധിയായ പരിപാലനത്തിലോ തൽപരനെന്ന് അവകാശവാദം ഉന്നയിക്കുന്ന ഏതെങ്കിലും ആളിന്, അദ്ദേഹത്തിന്റെ സ്വന്തം കൈപ്പടയിൽ, സംസ്ഥാനത്തിനകത്ത് മരിച്ചുപോയ ആൾ അവശേഷിപ്പിച്ച, മൂല്യം മൊത്തം [1][പത്തുലക്ഷം] രൂപയിൽ കവിയാത്ത, അതിൽ സൂചിപ്പിക്കുന്ന ആസ്തികൾ സ്വീകരിക്കുന്നതിന് അവകാശവാദിക്ക് അവകാശം നൽകിക്കൊണ്ട് ഒരു സർട്ടിഫിക്കറ്റ് അനുവദിക്കാവുന്നതാണ്.

(2) മരണശേഷം ഒരു മാസം കഴിയുന്നതിനുമുമ്പ് ഈ വകുപ്പ് പ്രകാരമുള്ള യാതൊരു സർട്ടിഫിക്കറ്റും, മേൽപ്പറഞ്ഞ ഒരു മാസം കഴിയുന്നതിനുമുൻപ്, നടത്തിപ്പുകാരനോ വിധവയോ മരിച്ചുപോയ ആളിന്റെ സ്വത്ത് പരിപാലിക്കുന്നതിന് അവകാശപ്പെട്ട മറ്റ് ആളോ കൈയൊപ്പിട്ട് എഴുതി അപ്രകാരം ചെയ്യുന്നതിന് അഡ്മിനിസ്ട്രേറ്റർ-ജനറലിനോട് അപേക്ഷിക്കുകയും അത് അനുവദിക്കുന്നത് അദ്ദേഹത്തിന് യുക്തമാണെന്ന് തോന്നുകയും ചെയ്യാത്തപക്ഷം, അനുവദിക്കാൻ പാടുള്ളതല്ല.

(3) ഈ വകുപ്പുപ്രകാരമുള്ള യാതൊരു സർട്ടിഫിക്കറ്റും,—

(i) മരിച്ചുപോയ ആളിന്റെ മരണശാസനത്തിന്റെ പ്രൊബേറ്റോ അയാളുടെ സ്വത്തിന്റെ പരിപാലനാധികാരപത്രങ്ങളോ അനുവദിക്കപ്പെട്ടിട്ടുള്ളിടത്തോ;

(ii) ഒരു സർക്കാർ സേവിംഗ്സ് ബാങ്കിലോ പ്രോവിഡന്റ് ഫണ്ട് ആക്റ്റ്, 1925 (1925-ലെ 19)-ലെ വ്യവസ്ഥകൾ ബാധകമാകുന്ന ഏതെങ്കിലും പ്രോവിഡന്റ് ഫണ്ടിലോ നിക്ഷേപിച്ചിട്ടുള്ള പണത്തിന്റെ ഏതെങ്കിലും തുക സംബന്ധിച്ചോ,

അനുവദിക്കാൻ പാടുള്ളതല്ല.

30. ഉത്തമർണ്ണൻമാർക്ക് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതും ചില സ്വത്തുക്കളുടെ ചുമതല ഏറ്റെടുക്കുന്നതിനുള്ള അധികാരവും.—(1) 29-ാം വകുപ്പിൽപ്പെടുന്ന സംഗതികളിൽ, അങ്ങനെയുള്ള ആസ്തികളിലോ ഒരു ഉത്തമർണ്ണനെന്ന നിലയിലല്ലാതെ അതിന്റെ യഥാവിധിയായ പരിപാലനത്തിലോ തൽപരനാണെന്ന് അവകാശവാദമുന്നയിക്കുന്ന യാതൊരാളും, മരിച്ചുപോയ ആളിന്റെ മരണത്തിന്റെ മൂന്നുമാസങ്ങൾക്കുള്ളിൽ ആ വകുപ്പ് പ്രകാരം അഡ്മിനിസ്ട്രേറ്റർ-ജനറലിൽ നിന്നും ഒരു സർട്ടിഫിക്കറ്റോ ഒരു മരണശാസനത്തിന്റെ പ്രൊബേറ്റോ, മരിച്ചുപോയ ആളിന്റെ സ്വത്തിന്റെ പരിപാലനാധികാരപത്രങ്ങളോ നേടുന്നില്ലെങ്കിൽ, അഡ്മിനിസ്ട്രേറ്റർ-ജനറലിന്, പരിപാലനാധികാര പത്രങ്ങൾ ഇല്ലാതെ, അങ്ങനെയുള്ള പത്രങ്ങൾ അദ്ദേഹത്തിന് അനുവദിക്കപ്പെട്ടിട്ടുണ്ടായിരുന്നു എന്ന പോലെ അതേരീതിയിൽ സ്വത്ത് പരിപാലിക്കാവുന്നതാണ്.

1. 2012-ലെ 33-ാം ആക്റ്റ്, 2-ാം വകുപ്പ് പ്രകാരം "രണ്ടു ലക്ഷം" എന്നതിന് പകരം ചേർത്തത് (1-7-2012 മുതൽ പ്രാബല്യം).

(2) അഡ്മിനിസ്ട്രേറ്റർ-ജനറൽ അങ്ങനെയുള്ള സ്വത്ത് പരിപാലിക്കുന്നതിന് ഉപേക്ഷ കാണിക്കുകയോ വിസമ്മതിക്കുകയോ ചെയ്യുകയാണെങ്കിൽ, അദ്ദേഹം ഒരു ഉത്തമർണ്ണന്റെ അപേക്ഷയിൻമേൽ, ഒരു ഉത്തമർണ്ണൻ എന്ന നിലയിലല്ലാതെ അങ്ങനെയുള്ള ആസ്തികളിൽ അയാൾ തൽപരനായിരുന്നു എന്നപോലെ അതേ രീതിയിൽ അയാൾക്ക് ഒരു സർട്ടിഫിക്കറ്റ് നൽകേണ്ടതും, അങ്ങനെയുള്ള സർട്ടിഫിക്കറ്റിന് 29-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം അനുവദിച്ച ഒരു സർട്ടിഫിക്കറ്റ് പോലെ അതേ പ്രഭാവം ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ള സർട്ടിഫിക്കറ്റിന് ബാധകമായ ഈ ആക്റ്റിലെ എല്ലാ വ്യവസ്ഥകൾക്കും വിധേയമായിരിക്കുന്നതുമാണ്.

(3) അഡ്മിനിസ്ട്രേറ്റർ-ജനറലിന്, അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്നുവെങ്കിൽ, (2)-ാം ഉപവകുപ്പ് പ്രകാരം ഒരു സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുമുൻപ്, മരിച്ചുപോയ ആളിന്റെ സ്വത്തിന്റെ യഥാവിധിയുള്ള പരിപാലനത്തിനുവേണ്ടി ഉത്തമർണ്ണനോട് ന്യായമായ ഈട് നൽകാൻ ആവശ്യപ്പെടാവുന്നതാണ്.

31. <u>അവകാശവാദിയുടെ ഉടമാവകാശം മുതലായവ സംബന്ധിച്ച് ബോദ്ധ്യപ്പെടാത്തപക്ഷം അഡ്മിനിസ്ട്രേറ്റർ-ജനറൽ സർട്ടിഫിക്കറ്റ് നൽകുവാൻ ബാദ്ധ്യസ്ഥനല്ലെന്ന്.</u>—അഡ്മിനിസ്ട്രേറ്റർ-ജനറൽ, 29-ാം വകുപ്പോ 30-ാം വകുപ്പോ പ്രകാരം ഏതെങ്കിലും സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന്, അവകാശവാദിയുടെ ഉടമാവകാശത്തെയും മരിച്ചുപോയ ആൾ സംസ്ഥാനത്ത് അവശേഷിപ്പിച്ച ആസ്തികളുടെ മൂല്യത്തെയും സംബന്ധിച്ച് അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണം നടത്തിയതിനുശേഷം അദ്ദേഹത്തിന് ബോദ്ധ്യപ്പെടാത്തപക്ഷം, ബാദ്ധ്യസ്ഥനാകുന്നതല്ല.

32. <u>സർട്ടിഫിക്കറ്റിന്റെ പ്രഭാവം.</u>—29-ാം വകുപ്പിലെയോ 30-ാം വകുപ്പിലെയോ വ്യവസ്ഥകൾക്ക് അനുസൃതമായി അനുവദിച്ച ഒരു സർട്ടിഫിക്കറ്റിന്റെ കൈവശക്കാരന്, അങ്ങനെയുള്ള സർട്ടിഫിക്കറ്റിൽ പറഞ്ഞിട്ടുള്ള ആസ്തികളെ സംബന്ധിച്ച് അതേ അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതും പരിപാലനാധികാരപത്രങ്ങൾ അനുവദിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ അദ്ദേഹത്തിന് ഉണ്ടാകുമായിരുന്നതോ അദ്ദേഹം വിധേയനാകുമായിരുന്നതോ ആയ അതേ ബാദ്ധ്യതകൾക്ക് വിധേയനായിരിക്കുന്നതുമാണ്:

എന്നാൽ ഈ വകുപ്പിലെ യാതൊന്നും അങ്ങനെയുള്ള സർട്ടിഫിക്കറ്റ് കൈവശമുള്ള ഏതെങ്കിലും ആൾ,—

(ക) മരിച്ചുപോയ ആളിന്റെ ആസ്തികളുടെ കണക്കുകളോ വിവരപ്പട്ടികകളോ ഏതെങ്കിലും കോടതിയുടെയോ മറ്റ് അധികാരസ്ഥാനത്തിന്റെയോ മുൻപാകെ ഫയൽ ചെയ്യുന്നതിന്; അല്ലെങ്കിൽ

(ഖ) 30-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, സ്വത്തുക്കളുടെ യഥാവിധിയായ പരിപാലനത്തിനായി ഏതെങ്കിലും ബോണ്ട് നൽകുന്നതിന്,

ആവശ്യപ്പെടുന്നതായി കരുതപ്പെടാൻ പാടുള്ളതല്ല.

33. <u>സർട്ടിഫിക്കറ്റിന്റെ റദ്ദാക്കൽ.</u>—(1) അഡ്മിനിസ്ട്രേറ്റർ-ജനറലിന്, 29-ാം വകുപ്പിലെയോ 30-ാം വകുപ്പിലെയോ വ്യവസ്ഥകൾ പ്രകാരം അനുവദിച്ചിട്ടുള്ള ഒരു സർട്ടിഫിക്കറ്റ് താഴെപ്പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ റദ്ദാക്കാവുന്നതാണ്, അതായത്:—

(i) വഞ്ചനയിലൂടെയോ അദ്ദേഹത്തെ തെറ്റിദ്ധരിപ്പിച്ചോ ആണ് സർട്ടിഫിക്കറ്റ് നേടിയതെന്ന്;

(ii) സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് നീതീകരിക്കുന്നതിനായി നിയമത്തിൽ അത്യാവശ്യമായ ഒരു വസ്തുതയുടെ സത്യവിരുദ്ധമായ ഒരു ആരോപണം മുഖേനയാണ്, അങ്ങനെയുള്ള ആരോപണം അജ്ഞതയാലോ അശ്രദ്ധയാലോ നടത്തിയിരുന്നതാണെങ്കിലും, സർട്ടിഫിക്കറ്റ് നേടിയതെന്ന്.

(2) യാതൊരു സർട്ടിഫിക്കറ്റും, സർട്ടിഫിക്കറ്റ് കൈവശക്കാരന് സർട്ടിഫിക്കറ്റ് എന്തുകൊണ്ട് അപ്രകാരം റദ്ദാക്കപ്പെടരുതെന്ന് കാരണം കാണിക്കുന്നതിനുള്ള ന്യായമായ ഒരവസരം നൽകിയിട്ടില്ലാത്തപക്ഷം, ഈ വകുപ്പ് പ്രകാരം റദ്ദാക്കാൻ പാടുള്ളതല്ല.

34. റദ്ദാക്കിയ സർട്ടിഫിക്കറ്റ് തിരിച്ചേൽപ്പിക്കുന്നത്.—(1) 33-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഒരു സർട്ടിഫിക്കറ്റ് റദ്ദാക്കപ്പെടുമ്പോൾ അതിന്റെ കൈവശക്കാരൻ, അഡ്മിനിസ്ട്രേറ്റർ-ജനറൽ ആവശ്യപ്പെടുന്നതിൻമേൽ, അങ്ങനെയുള്ള അഡ്മിനിസ്ട്രേറ്റർ-ജനറലിന് അത് എത്തിച്ചു കൊടുക്കേണ്ടതും എന്നാൽ അതിൻമേൽ നൽകിയിട്ടുള്ള ഏതെങ്കിലും ഫീസ് തിരിച്ചുകിട്ടുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതല്ലാത്തതുമാണ്.

(2) അങ്ങനെയുള്ള ആൾ മനഃപൂർവ്വമായും ന്യായമായ കാരണമില്ലാതെയും സർട്ടിഫിക്കറ്റ് എത്തിച്ചുകൊടുക്കുന്നതിന് വീഴ്ചവരുത്തുകയാണെങ്കിൽ, അയാൾ മൂന്നുമാസംവരെയാകാവുന്ന തടവോ ആയിരം രൂപവരെയാകാവുന്ന പിഴയോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

35. സർട്ടിഫിക്കറ്റ് റദ്ദാക്കപ്പെടുന്നതിനുമുൻപ് സർട്ടിഫിക്കറ്റിന്റെ കൈവശക്കാരന് പണം കൊടുക്കൽ.—33-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഒരു സർട്ടിഫിക്കറ്റ് റദ്ദാക്കപ്പെടുമ്പോൾ, അങ്ങനെയുള്ള റദ്ദാക്കലിനുമുൻപായി അങ്ങനെയുള്ള സർട്ടിഫിക്കറ്റ് പ്രകാരം അതിന്റെ കൈവശക്കാരന് ഉത്തമവിശ്വാസത്തിൽ നടത്തിയ എല്ലാ പണം കൊടുക്കലുകളും, അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പണം നൽകുന്ന ആളിന് നിയമപരമായ ഒരു ബാദ്ധ്യത തീർക്കൽ ആയിരിക്കുന്നതും, അങ്ങനെയുള്ള സർട്ടിഫിക്കറ്റ് കൈവശക്കാരന്, അയാൾ നടത്തിയ ഏതെങ്കിലും പണം കൊടുക്കലുകൾ സംബന്ധിച്ച്, ഒരു സർട്ടിഫിക്കറ്റോ പ്രൊബേറ്റോ പരിപാലനാധികാരപത്രങ്ങളോ പിന്നീട് അനുവദിക്കപ്പെടാവുന്നയാൾ നിയമാനുസൃതമായി നടത്തിയേക്കാമായിരുന്നവ കൈവശം വയ്ക്കാവുന്നതും സ്വയം അയാൾക്ക് മടക്കി കൊടുക്കാവുന്നതുമാണ്.

36. അഡ്മിനിസ്ട്രേറ്റർ-ജനറൽ, അദ്ദേഹം സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള ആസ്തികളുമായി ബന്ധപ്പെട്ട് പരിപാലനം ഏറ്റെടുക്കാൻ ബാദ്ധ്യസ്ഥനല്ലെന്ന്.—അഡ്മിനിസ്ട്രേറ്റർ-ജനറൽ, 29-ാം വകുപ്പോ 30-ാം വകുപ്പോ പ്രകാരം ഏത് ആസ്തികൾ സംബന്ധിച്ചാണോ അദ്ദേഹം ഏതെങ്കിലും സർട്ടിഫിക്കറ്റ് നൽകുന്നത്, അവയുമായി ബന്ധപ്പെട്ട്, മരിച്ചുപോയ ഏതെങ്കിലും ആളിന്റെ സ്വത്തിന്റെ പരിപാലനാധികാരപത്രങ്ങൾ ഏറ്റെടുക്കാൻ ബാദ്ധ്യസ്ഥനല്ലാത്തതും, എന്നാൽ അദ്ദേഹത്തിന്, അദ്ദേഹം 33-ാം വകുപ്പ് പ്രകാരം അങ്ങനെയുള്ള സർട്ടിഫിക്കറ്റ് റദ്ദാക്കുകയോ സ്വത്തിന്റെ മൂല്യം [1][പത്തുലക്ഷം] രൂപയിൽ കവിഞ്ഞുവെന്ന് തിട്ടപ്പെടുത്തുകയോ ചെയ്യുകയാണെങ്കിൽ, അപ്രകാരം ചെയ്യാവുന്നതാണ്.

37. സ്ഥിരവാസമുള്ള രാജ്യത്തെ നടത്തിപ്പുകാരനോ അഡ്മിനിസ്ട്രേറ്റർക്കോ ചില ആസ്തികൾ വീതിക്കുന്നതിനായി കൈമാറുന്നത്.—(ക) [2][ഇന്ത്യയിലെ] ഏതെങ്കിലും സംസ്ഥാനത്ത് സ്ഥിരവാസമില്ലാത്ത ഒരാൾ, അയാളുടെ മരണ സമയത്ത് ഏതെങ്കിലും സംസ്ഥാനത്തും അയാൾക്ക് സ്ഥിരവാസം ഉണ്ടായിരുന്ന രാജ്യത്തും ആസ്തികൾ അവശേഷിപ്പിച്ചുകൊണ്ട് മരിക്കുകയും,

(ഖ) അങ്ങനെയുള്ള ഏതെങ്കിലും സംസ്ഥാനത്തെ ആസ്തികളെ സംബന്ധിച്ച് അയാളുടെ സ്വത്തുക്കളുടെ പരിപാലനത്തിനായി 29-ാം വകുപ്പോ 30-ാം വകുപ്പോ പ്രകാരം നടപടികൾ സ്വീകരിക്കുകയും,

(ഗ) സ്ഥിരവാസമുള്ള രാജ്യത്ത്, ആ രാജ്യത്തെ ആസ്തികൾ സംബന്ധിച്ച് ഒരു പരിപാലനാനുവാദം ഉണ്ടായിരിക്കുകയും,

ചെയ്തിട്ടുള്ളിടത്ത്, 29-ാം വകുപ്പോ 30-ാം വകുപ്പോ പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള സർട്ടിഫിക്കറ്റ് ഉടമയോ അഡ്മിനിസ്ട്രേറ്റർ-ജനറലോ, അതതുസംഗതിപോലെ, മരിച്ചുപോയ ആളിന്റെ സ്വത്തിനെതിരായുള്ള അവരുടെ അവകാശവാദങ്ങൾ അദ്ദേഹത്തിന് അയച്ചു കൊടുക്കുന്നതിന് ഉത്തമർണ്ണൻമാർക്കും മറ്റുള്ളവർക്കും നിർണ്ണയിക്കപ്പെട്ട അറിയിപ്പ് നൽകിയതിനുശേഷവും, അതിൽ പറഞ്ഞിരിക്കുന്ന സമയം അവസാനിക്കുമ്പോൾ അദ്ദേഹത്തിന്റെ അറിവിൽപ്പെട്ട അങ്ങനെയുള്ള നിയമാനുസൃത അവകാശവാദങ്ങളുടെ ബാദ്ധ്യത തീർത്തതിനുശേഷവും, മരിച്ചുപോയ ആളിന്റെ ഏതെങ്കിലും അധികമുള്ളതോ

1. 2012-ലെ 33-ാം ആക്റ്റ്, 2-ാം വകുപ്പ് പ്രകാരം "രണ്ടു ലക്ഷം" എന്നതിന് പകരം ചേർത്തത് (1-7-2012 മുതൽ പ്രാബല്യം).

2. 1968-ലെ 25-ാം ആക്റ്റ്, 2-ാം വകുപ്പും പട്ടികയും പ്രകാരം "ഈ ആക്റ്റിന് വ്യാപ്തിയുള്ള" എന്നതിന് പകരം ചേർത്തത് (15-8-1968 മുതൽ പ്രാബല്യം).

ശേഷിക്കുന്നതോ ആയ വസ്തു ഇന്ത്യക്കുപുറത്ത് [1][***] താമസിക്കുന്ന, അതിന് അവകാശപ്പെട്ട ആളുകൾക്ക് അയാൾ സ്വയം വീതിക്കുന്നതിനുപകരം, സ്ഥിരതാമസമുള്ള രാജ്യത്തെ നടത്തിപ്പുകാരന്റെയോ അഡ്മിനിസ്ട്രേറ്ററുടെയോ, അതതുസംഗതിപോലെ, സമ്മതത്തോടെ ആ ആളുകൾക്ക് വീതിക്കുന്നതിന് അധികമുള്ളതോ ശേഷിക്കുന്നതോ ആയ വസ്തു അയാൾക്ക് കൈമാറ്റം ചെയ്യാവുന്നതാണ്.

## അദ്ധ്യായം V

### ബാദ്ധ്യത

38. സർക്കാരിന്റെ ബാദ്ധ്യത.—അഡ്മിനിസ്ട്രേറ്റർ-ജനറൽ, അദ്ദേഹം ഒരു സ്വകാര്യ അഡ്മിനിസ്ട്രേറ്റർ ആയിരുന്നെങ്കിൽ ബാദ്ധ്യത തീർക്കുന്നതിന് വ്യക്തിപരമായി ബാദ്ധ്യസ്ഥനാകുമായിരുന്ന ഏതെങ്കിലും ബാദ്ധ്യത, അഡ്മിനിസ്ട്രേറ്റർ-ജനറലിനോ അദ്ദേഹത്തിന്റെ ഓഫീസർമാരിൽ ആരെങ്കിലുമോ ഏതെങ്കിലും വിധത്തിൽ പങ്ക് വഹിച്ചിട്ടില്ലാത്തതോ അദ്ദേഹത്തിനോ അദ്ദേഹത്തിന്റെ ഓഫീസർമാരിൽ ആരെങ്കിലുമോ ന്യായമായ ജാഗ്രത പുലർത്തിയിട്ടും ഒഴിവാക്കാൻ കഴിയുമായിരുന്നതല്ലാത്തതോ ആയ ഒരു ബാദ്ധ്യത ഒഴികെയുള്ളതായിരിക്കുമ്പോൾ, തീർക്കുന്നതിന് ആവശ്യമായ എല്ലാ തുകകളും മടക്കി നൽകുന്നതിന് സർക്കാർ ബാദ്ധ്യസ്ഥമായിരിക്കുന്നതും ആ രണ്ടു സംഗതികളിൽ ഏതിലെങ്കിലും അഡ്മിനിസ്ട്രേറ്റർ-ജനറലോ സർക്കാരോ ഏതെങ്കിലും ബാദ്ധ്യതയ്ക്ക് വിധേയമാകുന്നത് അല്ലാത്തതുമാണ്.

39. അഡ്മിനിസ്ട്രേറ്റർ-ജനറലിനെതിരെ ഉത്തമർണ്ണന്റെ വ്യവഹാരം.—(1) ഏതെങ്കിലും അഡ്മിനിസ്ട്രേറ്റർ-ജനറലിനെതിരെ ഒരു ഉത്തമർണ്ണൻ ഏതെങ്കിലും വ്യവഹാരം കൊണ്ടുവരികയാണെങ്കിൽ, അങ്ങനെയുള്ള ഉത്തമർണ്ണൻ, വ്യവഹാരം ആരംഭിക്കുന്നതിന് കുറഞ്ഞത് ഒരു മാസം മുൻപ് അയാളുടെ അവകാശവാദം സംബന്ധിച്ച തുകയും മറ്റു വിവരങ്ങളും പ്രതിപാദിച്ചുകൊണ്ട് അഡ്മിനിസ്ട്രേറ്റർ-ജനറലിന് രേഖാമൂലം അയാൾ അപേക്ഷിച്ചിട്ടുണ്ടായിരുന്നുവെന്നും ആ കേസിന്റെ സാഹചര്യങ്ങളിൽ അഡ്മിനിസ്ട്രേറ്റർ-ജനറലിന് ന്യായമായ അവകാശമുണ്ടാകാമായിരുന്ന പ്രകാരമുള്ള, അതിനെ പിന്താങ്ങുന്ന അങ്ങനെയുള്ള തെളിവ് നൽകിയിട്ടുണ്ടായിരുന്നുവെന്നും അയാൾ തെളിയിക്കാത്തപക്ഷം, വ്യവഹാര ചെലവ് നൽകാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(2) ഉത്തമർണ്ണന് അനുകൂലമായി അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാരം വിധിക്കപ്പെടുകയാണെങ്കിൽ, എങ്ങനെയായലും, അയാൾ മതിയായ ഈടുവാങ്ങി കടം നൽകിയ ഒരാൾ അല്ലാത്തപക്ഷം കോടതി വിധിച്ചതോ ഉത്തരവായതോ ആയ തുക വീതപ്രകാരവും കൊടുക്കേണ്ടതെന്ന് കോടതി വിധിച്ചതോ ഉത്തരവായതോ ആയ തുക മരിച്ചുപോയ ആളിന്റെ ആസ്തികളിൽ നിന്നും മറ്റ് ഉത്തമർണ്ണൻമാരുമൊത്ത് തുല്യമായും വീതപ്രകാരവും കൊടുക്കേണ്ടതെന്ന് കോടതി വിധിച്ചതോ ഉത്തരവായതോ ആയ തുക ലഭിക്കുന്നതിനുമാത്രം അയാൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

40. ചില സംഗതികളിൽ വ്യവഹാര നോട്ടീസ് ആവശ്യമില്ലെന്ന്.—സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ലെ 80-ാം വകുപ്പിലെ യാതൊന്നും അഡ്മിനിസ്ട്രേറ്റർ-ജനറലിന് എതിരെയുള്ള, വ്യക്തിപരമായി അയാൾക്കെതിരെ യാതൊരു നിവൃത്തിക്കും അവകാശവാദം ഉന്നയിക്കാത്ത, ഏതെങ്കിലും വ്യവഹാരത്തിന് ബാധകമായിരിക്കുന്നതല്ല.

## അദ്ധ്യായം VI

### ഫീസ്

41. ഫീസ്.—(1) അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ കർത്തവ്യങ്ങളെ സംബന്ധിച്ച്, ശതമാനത്തിലോ മറ്റു വിധത്തിലോ സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള ഫീസ് ചുമത്തേണ്ടതാണ്.

(2) ഈ വകുപ്പ് പ്രകാരമുള്ള ഫീസ് വ്യത്യസ്തമായ സ്വത്തുക്കൾക്കോ സ്വത്തുകളുടെ വിഭാഗങ്ങൾക്കോ വ്യത്യസ്തമായ കർത്തവ്യങ്ങൾക്കോ വ്യത്യസ്ത നിരക്കുകളിൽ ആകാവുന്നതും, ഈ ആക്റ്റിന്റെ പ്രവർത്തനത്തിന് ആനുഷംഗികമായ, ശമ്പളത്തിന്റെയും മറ്റെല്ലാ ചെലവുകളുടെയും (ഈ ആക്റ്റ് പ്രകാരമുള്ള നഷ്ടത്തിനെതിരെ സർക്കാരിനെ ഇൻഷ്വർ ചെയ്യുന്നതിന് ആവശ്യമായി വരുന്ന, സംസ്ഥാന സർക്കാർ നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തുക ഉൾപ്പെടെ) ബാദ്ധ്യത തീർക്കുന്നതിന് മതിയായ ഒരു തുക ഉണ്ടാക്കുന്നതിന് ആകുന്നത്ര ഏർപ്പാടാക്കേണ്ടതാണ്.

---

1. 1968-ലെ 25-ാം ആക്റ്റ്, 2-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ ജമ്മു-കാശ്മീർ സംസ്ഥാനത്തിൽ" എന്ന വാക്കുകൾ വിട്ടുകളഞ്ഞു (15-8-1968 മുതൽ പ്രാബല്യം).

42. ഫീസ് ക്രമപ്പെടുത്തൽ.—(1) അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ ചുമതലയിലുള്ള ഏതെങ്കിലും സ്വത്തിൽ നിന്നും അയാൾ അങ്ങനെയുള്ള സ്വത്തിന്റെ ഒരു സ്വകാര്യ അഡ്മിനിസ്ട്രേറ്റർ ആയിരുന്നുവെങ്കിൽ കൈവശം വയ്ക്കാമായിരുന്നതോ കൊടുക്കാമായിരുന്നതോ ആയ ഏതെങ്കിലും ചെലവുകൾ അപ്രകാരം കൈവശം വയ്ക്കുകയോ കൊടുക്കുകയോ ചെയ്യേണ്ടതും, 41-ാം വകുപ്പ് പ്രകാരം വിവരിച്ച ഫീസ് അങ്ങനെയുള്ള ചെലവുകൾ പോലെ അതേ രീതിയിലും അതിനു പുറമേയും കൈവശം വയ്ക്കുകയോ കൊടുക്കുകയോ ചെയ്യേണ്ടതുമാണ്.

(2) അഡ്മിനിസ്ട്രേറ്റർ-ജനറൽ, ഈ ആക്റ്റ് പ്രകാരം അദ്ദേഹം കൈപ്പറ്റിയ എല്ലാ ഫീസും, സംസ്ഥാന സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള സമയത്തും അങ്ങനെയുള്ള അധികാരസ്ഥാനത്തിന് കൈമാറ്റം ചെയ്യേണ്ടതും കൊടുക്കേണ്ടതും, അത് സർക്കാരിന്റെ കണക്കിലും വരവിലും ഉൾക്കൊള്ളിക്കേണ്ടതുമാണ്.

## അദ്ധ്യായം VII

## അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ കണക്കുകളുടെ ഓഡിറ്റ്

43. ഓഡിറ്റ്.—(1) ഓരോ അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെയും കണക്കുകൾ ഏറ്റവും കുറഞ്ഞത് വർഷത്തിൽ ഒരു പ്രാവശ്യവും സംസ്ഥാന സർക്കാർ അപ്രകാരം നിർദ്ദേശിക്കുന്നുവെങ്കിൽ, മറ്റേതെങ്കിലും സമയത്തും നിർണ്ണയിക്കപ്പെട്ട ആളിനാലും നിർണ്ണയിക്കപ്പെട്ട രീതിയിലും ഓഡിറ്റ് ചെയ്യപ്പെടേണ്ടതാണ്.

44. ഓഡിറ്റർമാർ കണക്കുകൾ പരിശോധിക്കണമെന്നും സർക്കാരിന് റിപ്പോർട്ട് ചെയ്യണമെന്നും.— ഓഡിറ്റർമാർ കണക്കുകൾ പരിശോധിക്കേണ്ടതും സംസ്ഥാന സർക്കാരിന്, നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ അതിന്റെ ഒരു സ്റ്റേറ്റ്മെന്റ്, അതിൻമേലുള്ള ഒരു റിപ്പോർട്ടും അവർ ഒപ്പിട്ട ഒരു സർട്ടിഫിക്കറ്റും സഹിതം—

(ക) നിർണ്ണയിക്കപ്പെട്ട രീതിയിൽ കണക്കുകൾ ഓഡിറ്റ് ചെയ്തിട്ടുണ്ടോയെന്നും;

(ഖ) അങ്ങനെയുള്ള ഓഡിറ്റ് മുഖേന തിട്ടപ്പെടുത്താൻ കഴിയുന്നിടത്തോളം, കണക്കുകളിൽ, അതിൽ ചേർത്തിരിക്കേണ്ടതായ എല്ലാത്തിന്റെയും പൂർണ്ണവും ശരിയായതുമായ കണക്ക്, ഉൾപ്പെട്ടിട്ടുണ്ടോയെന്നും;

(ഗ) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങൾ മുഖേന അഡ്മിനിസ്ട്രേറ്റർ-ജനറൽ സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ള ബുക്കുകൾ യഥാവിധിയായും ക്രമമായും സൂക്ഷിച്ചു പോരുന്നുണ്ടോയെന്നും;

(ഘ) ആസ്തികളും ഈടുകളും ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടങ്ങൾ പ്രകാരമോ നിർണ്ണയിക്കപ്പെട്ട രീതിയിൽ യഥാവിധി സൂക്ഷിച്ചുപോരുകയും നിക്ഷേപിക്കുകയും ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്യുന്നുണ്ടോയെന്നും,

അല്ലെങ്കിൽ (അതതുസംഗതിപോലെ) അങ്ങനെയുള്ള കണക്കുകൾ ന്യൂനതയുള്ളതാണെന്നോ, അങ്ങനെയുള്ള സർട്ടിഫിക്കറ്റിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള വിഷയങ്ങളിൽ, ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളോ പാലിക്കുന്നതിൽ അഡ്മിനിസ്ട്രേറ്റർ-ജനറൽ വീഴ്ച വരുത്തിയിട്ടുണ്ടെന്നോ, കാണിച്ചുകൊണ്ടും അയയ്ക്കേണ്ടതാണ്.

45. സാക്ഷികളെ വിളിച്ചുവരുത്തുന്നതിനും വിസ്തരിക്കുന്നതിനും രേഖകൾ ആവശ്യപ്പെടുന്നതിനും ഓഡിറ്റർമാർക്കുള്ള അധികാരം.—(1) ഓരോ ഓഡിറ്റർക്കും, ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5) പ്രകാരം ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായ എല്ലാ അധികാരങ്ങളും താഴെപ്പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) സാക്ഷികളെ വിളിച്ചുവരുത്തുന്നതിനും ഹാജരാക്കിക്കുന്നതിനും അവരെ ശപഥത്തിൻമേൽ വിസ്തരിക്കുന്നതിനും;

(ഖ) കണ്ടുപിടിക്കലിനും പരിശോധനയ്ക്കും;

(ഗ) രേഖകൾ ഹാജരാക്കുന്നതിന് നിർബന്ധിക്കുന്നതിനും;

(ഘ) സാക്ഷികളെ വിസ്തരിക്കുന്നതിന് കമ്മീഷനുകളെ നിയോഗിക്കുന്നതിനും.

(2) വിളിച്ചുവരുത്തുമ്പോൾ ഹാജരാകുന്നതിനോ ഏതെങ്കിലും രേഖയോ വസ്തുവോ ഹാജരാക്കുന്നതിനോ വിസമ്മതിക്കുകയോ ന്യായമായ കാരണം കൂടാതെ ഉപേക്ഷ കാണിക്കുകയോ അല്ലെങ്കിൽ ഹാജരാകുകയും സത്യപ്രതിജ്ഞ ചെയ്യുന്നതിനോ വിസ്തരിക്കുന്നതിനോ വിസമ്മതിക്കുകയും ചെയ്യുന്ന ഏതെങ്കിലും ആൾ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ (1860-ലെ 45) 188-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്നതും അതുപ്രകാരം ശിക്ഷാർഹമായതും ആയ ഒരു കുറ്റം ചെയ്തതായി കരുതപ്പെടേണ്ടതും ഓഡിറ്റർ അങ്ങനെയുള്ള വിസമ്മതമോ ഉപേക്ഷ കാണിക്കലോ സംബന്ധിച്ച ഓരോ സംഗതിയും സംസ്ഥാന സർക്കാരിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

46. ഓഡിറ്റിന്റെ ചെലവുകൾ മുതലായവ.—അങ്ങനെയുള്ള ഓഡിറ്റിനും പരിശോധനയ്ക്കും അതിന് ആനുഷംഗികവുമായുള്ള ചെലവുകൾ സംസ്ഥാന സർക്കാർ ഉണ്ടാക്കിയ ചട്ടങ്ങൾക്ക് അനുസൃതമായി നിശ്ചയിക്കേണ്ടതും നിർണ്ണയിക്കപ്പെട്ട രീതിയിൽ കൊടുത്തുതീർക്കേണ്ടതുമാണ്.

## അദ്ധ്യായം VIII

## പലവക

47. പരിപാലനത്തിനുള്ള പൊതുവായ അധികാരങ്ങൾ.—അഡ്മിനിസ്ട്രേറ്റർ-ജനറലിന്, അദ്ദേഹം നിയമപരമായി വിനിയോഗിക്കാവുന്ന ചെലവിനെ സംബന്ധിച്ചുള്ള മറ്റേതെങ്കിലും അധികാരങ്ങൾക്ക് പുറമെയും അവയ്ക്ക് ന്യൂനത വരുത്താതെയും—

(ക) അദ്ദേഹത്തിന്റെ ചുമതലയിലുള്ള ഏതെങ്കിലും സ്വത്തുമായി ബന്ധപ്പെട്ട ഏതെങ്കിലും വസ്തുവിന്റെ ശരിയായ സംരക്ഷണത്തിനും നടത്തിപ്പിനുമായി ആവശ്യമാകാവുന്ന അങ്ങനെയുള്ള പ്രവൃത്തികൾക്കും;

(ഖ) ഹൈക്കോടതിയുടെ അനുമതിയോടുകൂടി, അങ്ങനെയുള്ള വസ്തുവിന്റെ സംഗതിയിൽ ന്യായവും ഉചിതവുമാകാവുന്ന അങ്ങനെയുള്ള മതപരവും ധർമ്മപരവും ഇതരവുമായ ലക്ഷ്യങ്ങൾക്കും അങ്ങനെയുള്ള ദേഹണ്ഡങ്ങൾക്കും,

ചെലവ് വഹിക്കാവുന്നതാണ്.

48. സാക്ഷികളെ വിളിച്ചുവരുത്തുന്നതിനും വിസ്തരിക്കുന്നതിനും ഉള്ള അധികാരം.—(1) അഡ്മിനിസ്ട്രേറ്റർ-ജനറലിന്, അദ്ദേഹം താൽപര്യപ്പെടുമ്പോഴെല്ലാം, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, ഏതെങ്കിലും വസ്തുതാ പ്രശ്നത്തെ സംബന്ധിച്ച് സ്വയം ബോദ്ധ്യപ്പെടുന്നതിനായി, ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ, സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5) പ്രകാരം ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായ എല്ലാ അധികാരങ്ങളും താഴെ പറയുന്ന സംഗതികൾ സംബന്ധിച്ച് വിനിയോഗിക്കാവുന്നതാണ്, അതായത്:—

(ക) സാക്ഷികളെ വിളിച്ചുവരുത്തുന്നതിനും ഹാജരാക്കിക്കുന്നതിനും അവരെ ശപഥത്തിൻമേൽ വിസ്തരിക്കുന്നതിനും;

(ഖ) കണ്ടുപിടിക്കലിനും പരിശോധനയ്ക്കും;

(ഗ) രേഖകൾ ഹാജരാക്കുന്നതിന് നിർബന്ധിക്കുന്നതിനും;

(ഘ) സാക്ഷികളെ വിസ്തരിക്കുന്നതിന് കമ്മീഷനുകളെ നിയോഗിക്കുന്നതിനും.

(2) 45-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ, ആ വകുപ്പിൻകീഴിൽ വിളിച്ചുവരുത്തിയ ഒരാളെ സംബന്ധിച്ച് ബാധകമാകുന്നതുപോലെ, ഈ വകുപ്പ് പ്രകാരം അഡ്മിനിസ്ട്രേറ്റർ-ജനറൽ വിളിച്ചുവരുത്തിയ ഒരാളെ സംബന്ധിച്ച് ബാധകമാകുന്നതാണ്.

49. അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ കണക്കുകൾ മുതലായവ പരിശോധിക്കുന്നതിനും പകർപ്പുകൾ എടുക്കുന്നതിനും ഗുണാനുഭവാവകാശമുള്ള ആളിന്റെ അധികാരം.—അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ ചുമതലയിലുള്ള ഏതെങ്കിലും സ്വത്തിന്റെ പരിപാലനത്തിൽ തൽപരനായിരിക്കുന്ന ഏതെങ്കിലും ആളിന്, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി, ന്യായമായ എല്ലാ സമയങ്ങളിലും അങ്ങനെയുള്ള സ്വത്തിനെ സംബന്ധിച്ച കണക്കുകളും ഓഡിറ്ററുടെ റിപ്പോർട്ടുകളും സർട്ടിഫിക്കറ്റുകളും പരിശോധിക്കുന്നതിനും നിർണ്ണയിക്കപ്പെട്ട ഫീസ് നൽകുന്നതിൻമേൽ അവയുടെ പകർപ്പുകൾക്കും അതിൽനിന്നുള്ള ഭാഗങ്ങൾക്കും അവകാശമുണ്ടായിരിക്കുന്നതാണ്.

50. വ്യാജമായ തെളിവ്.—ഈ ആക്റ്റ് പ്രകാരം അധികാരപ്പെടുത്തിയ ഏതെങ്കിലും വിസ്താരത്തിനിടയിൽ, ശപഥത്തിൻമേൽ, വ്യാജമായിട്ടുള്ളതും അയാൾ വ്യാജമാണെന്ന് അറിയുകയോ, വിശ്വസിക്കുകയോ അല്ലെങ്കിൽ സത്യമാണെന്ന് വിശ്വസിക്കാത്തതോ ആയ ഒരു പ്രസ്താവന നടത്തുന്ന ഏതൊരാളും ഒരു ജുഡീഷ്യൽ നടപടിയുടെ ഒരു ഘട്ടത്തിൽ ഉദ്ദേശ്യപൂർവ്വം വ്യാജമായ തെളിവ് നൽകിയിട്ടുള്ളതായി കരുതപ്പെടേണ്ടതാണ്.

51. പന്ത്രണ്ട് വർഷമായി അവകാശവാദമുന്നയിക്കപ്പെടാത്ത ആസ്തികൾ സർക്കാരിന് കൈമാറണമെന്ന്.—ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപായാലും ശേഷമായാലും, പന്ത്രണ്ട് വർഷമോ അതിൽ കൂടുതലോ ഉള്ള ഒരു കാലയളവിൽ അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ സൂക്ഷിപ്പിലുണ്ടായിരുന്ന, അത് നൽകുന്നതിനുവേണ്ടി ഏതെങ്കിലും അപേക്ഷ നൽകപ്പെടാതെയും അദ്ദേഹം അനുവദിക്കാതെയുമുള്ള, അദ്ദേഹത്തിന്റെ ചുമതലയിലുള്ള എല്ലാ ആസ്തികളും, നിർണ്ണയിക്കപ്പെട്ട രീതിയിൽ സർക്കാരിന്റെ കണക്കിലേക്കും വരവിലേക്കും കൈമാറേണ്ടതാണ്:

എന്നാൽ ഈ വകുപ്പ്, ഏതെങ്കിലും കോടതിയിൽ ഏതെങ്കിലും വ്യവഹാരമോ നടപടിയോ അങ്ങനെയുള്ള ഏതെങ്കിലും ആസ്തികളെ സംബന്ധിച്ച് നിലനിൽക്കുന്നുവെങ്കിൽ മേൽപ്പറഞ്ഞ പ്രകാരമുള്ള അവയുടെ കൈമാറ്റം, അധികാരപ്പെടുത്തുന്നില്ല.

52. അപ്രകാരം കൈമാറ്റം ചെയ്യപ്പെട്ട മുതൽസംഖ്യ അവകാശവാദിക്ക് വീണ്ടെടുക്കാനുള്ള നടപടിയുടെ രീതി.—(1) ഈ ആക്റ്റിലെയോ ഇതിനാൽ റദ്ദാക്കപ്പെട്ട ഏതെങ്കിലും ആക്റ്റിലെയോ വ്യവസ്ഥകൾ പ്രകാരം സർക്കാരിന്റെ കണക്കിലേക്കും വരവിലേക്കും കൈമാറ്റം ചെയ്യപ്പെട്ട ആസ്തികളുടെ ഏതെങ്കിലും ഭാഗത്തിന് ഇതിനുശേഷം ഏതെങ്കിലും അവകാശവാദം ഉന്നയിക്കപ്പെടുകയാണെങ്കിലും അങ്ങനെയുള്ള അവകാശവാദം നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനത്തിന് തൃപ്തിയാകുംവിധം സ്ഥാപിക്കപ്പെടുകയാണെങ്കിലും, സംസ്ഥാന സർക്കാർ, അതിന്റെ കണക്കിലേക്കും വരവിലേക്കും അപ്രകാരം കൈമാറ്റം ചെയ്യപ്പെട്ട മുതലിന്റെ തുകയോ അവകാശവാദിക്ക് ചെല്ലേണ്ടുന്നതാണെന്ന് പ്രസ്തുത അധികാരസ്ഥാനം കണ്ടെത്തിയ, അതിന്റെ അത്രത്തോളം വരുന്ന തുകയോ, അവകാശവാദിക്ക് നൽകേണ്ടതാണ്.

(2) നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനത്തിന് തൃപ്തിയാകുംവിധം അവകാശവാദം സ്ഥാപിക്കപ്പെട്ടിട്ടില്ലെങ്കിൽ, അവകാശവാദിക്ക് അങ്ങനെയുള്ള ആസ്തികൾ വീണ്ടെടുക്കുന്നതിന് വേണ്ടി മറ്റേതെങ്കിലും നടപടികൾ സ്വീകരിക്കാൻ അയാൾക്കുള്ള അവകാശത്തിന് ഭംഗം വരാതെ, സംസ്ഥാന സർക്കാരിനെതിരെ ഹൈക്കോടതിയിൽ ഹർജി മുഖേന അപേക്ഷിക്കാവുന്നതും, അങ്ങനെയുള്ള കോടതി, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള തെളിവ് എടുത്തതിനുശേഷം, അതിന് യുക്തമെന്ന് തോന്നുന്ന പ്രകാരം പ്രസ്തുത മുതൽസംഖ്യ മുഴുവനോ ഏതെങ്കിലും ഭാഗമോ നൽകുന്നത് സംബന്ധിച്ച് അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അങ്ങനെയുള്ള ഉത്തരവ് നടപടികളിലെ എല്ലാ കക്ഷികളെയും ബന്ധിക്കുന്നതായിരിക്കുന്നതുമാണ്.

(3) ഓരോ കക്ഷിയുടെയും ചെലവ് മുഴുവനോ ഏതെങ്കിലും ഭാഗമോ ആരാണ് നൽകേണ്ടതെന്ന് ഹൈക്കോടതിക്ക് തുടർന്ന് നിർദ്ദേശിക്കാവുന്നതാണ്.

53. പിൻതുടർച്ച ആക്റ്റോ കമ്പനീസ് ആക്റ്റോ അഡ്മിനിസ്ട്രേറ്റർ-ജനറലിനെ ബാധിക്കുന്നതല്ലെന്ന്.—ഇന്ത്യൻ പിൻതുടർച്ച ആക്റ്റ്, 1925 (1925-ലെ 39)-ലോ കമ്പനീസ് ആക്റ്റ്, 1956 (1956-ലെ 1)-ലോ അടങ്ങിയിട്ടുള്ള യാതൊന്നും, ഏതെങ്കിലും അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ അവകാശങ്ങളെയും കർത്തവ്യങ്ങളെയും വിശേഷാവകാശങ്ങളെയും അതിലംഘിക്കുന്നതായോ ബാധിക്കുന്നതായോ കരുതപ്പെടേണ്ടതില്ല.

54. പ്രസിഡൻസി ടൗണുകൾക്കുവേണ്ടി പോലീസ് ആക്റ്റുകളുടെ വ്യവസ്ഥകൾ ഒഴിവാക്കൽ.—ഇന്ത്യൻ പിൻതുടർച്ച ആക്റ്റ്, 1925 (1925-ലെ 39)-ലോ ഈ ആക്റ്റിലോ അടങ്ങിയിട്ടുള്ള യാതൊന്നും, സുരക്ഷിത സൂക്ഷിപ്പിന്റെ ആവശ്യത്തിനായി പോലീസ് ചുമതല ഏറ്റെടുക്കേണ്ടതോ ഏറ്റെടുത്തതോ ആയ, ഏതെങ്കിലും പ്രസിഡൻസി ടൗണുകൾക്കുള്ളിൽ മരണശാസനം കൂടാതെ മരിക്കുന്ന ആളുകളുടെ നാന്നൂറു രൂപയിൽ താഴെ മൂല്യമുള്ള ജംഗമവസ്തുക്കളെ സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തെ ബാധിക്കുമെന്നോ ബാധിച്ചിട്ടുണ്ടെന്നോ കരുതപ്പെടാൻ പാടുള്ളതല്ല.

55. കോടതി ഉത്തരവ് ഡിക്രിക്ക് തുല്യമാണെന്ന്.—ഈ ആക്റ്റ് പ്രകാരം ഏതെങ്കിലും കോടതി പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിന് ഒരു ഡിക്രി എന്ന പോലെ അതേ പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

56. വിദേശപൗരന്റെ ചില സാഹചര്യങ്ങളിലെ മരണത്തിന്റെ സംഗതിയിൽ കോൺസുലർ ഓഫീസർ പരിപാലനം ചെയ്യുന്നതിനുള്ള വ്യവസ്ഥ.— ഈ ആക്റ്റിലോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെയായിരുന്നാലും, കേന്ദ്ര സർക്കാരിന്, പൊതുവായതോ, പ്രത്യേകമായതോ ആയ ഉത്തരവ് മുഖേന, ഒരു വിദേശരാജ്യത്തെ ഒരു പൗരൻ [1][ഇന്ത്യ]യിൽ മരിക്കുകയും മരിച്ചുപോയ ആളിന്റെ സ്വത്തിന്റെ പരിപാലനാധികാരപത്രങ്ങൾക്കുവേണ്ടി ക്ഷമതയോടുകൂടിയ അധികാരിതയുള്ള ഒരു കോടതിയിൽ അപേക്ഷിക്കുന്നതിന് അഡ്മിനിസ്ട്രേറ്റർ-ജനറൽ അല്ലാതെ അവകാശമുള്ള ആരും [2][ഇന്ത്യ]യിൽ ഇല്ലെന്ന് തോന്നുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള വിദേശരാജ്യത്തെ ഏതെങ്കിലും കോൺസുലർ ഓഫീസർ, അങ്ങനെയുള്ള കോടതിക്ക് നൽകുന്ന അപേക്ഷയിൻമേൽ കേന്ദ്ര സർക്കാർ ഇതിനായി ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങൾക്കു വിധേയമായി, ചുമത്തുന്നത് യുക്തമെന്ന് കോടതിക്ക് തോന്നുന്ന അങ്ങനെയുള്ള നിബന്ധനകളിൻമേലും ഉപാധികളിൻമേലും പരിപാലനാധികാരപത്രങ്ങൾ അങ്ങനെയുള്ള കോൺസുലർ ഓഫീസർക്ക് അനുവദിക്കേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

57. ചില ആക്റ്റുകൾക്ക് അനുസൃതമായി അഡ്മിനിസ്ട്രേറ്റർ-ജനറൽ പരിപാലിക്കുന്ന ചെറിയ സ്വത്തുക്കളെ സംബന്ധിച്ച് പരിപാലനാധികാരപത്രങ്ങൾ ആവശ്യമില്ലെന്ന്.—ആർമി ആന്റ് എയർഫോഴ്സ് (ഡിസ്പോസൽ ഓഫ് പ്രൈവറ്റ് പ്രോപ്പർട്ടി) ആക്റ്റ്, 1950 (1950-ലെ 40)-ലെയോ നേവി ആക്റ്റ്, 1957 (1957-ലെ 62)-ലെയോ വ്യവസ്ഥകൾക്ക് അനുസൃതമായി അഡ്മിനിസ്ട്രേറ്റർ-ജനറൽ പരിപാലിച്ചു പോരുന്നതായ മരിച്ചുപോയ ഏതെങ്കിലും ആളുടെ സ്വത്ത്, അങ്ങനെയുള്ള സ്വത്തിന്റെ മൂല്യം അദ്ദേഹത്തിന് പരിപാലനത്തിന് ഏൽപ്പിച്ചുകൊടുത്ത തീയതിയിൽ രണ്ടായിരം രൂപയിൽ കവിയുന്നില്ലെങ്കിൽ, അഡ്മിനിസ്ട്രേറ്റർ-ജനറൽ പരിപാലനാധികാരപത്രങ്ങൾ നേടേണ്ട ആവശ്യമില്ലാത്തതും, എന്നാൽ അങ്ങനെയുള്ള സ്വത്തിനെ സംബന്ധിച്ച് അദ്ദേഹത്തിന് പരിപാലനാധികാരപത്രങ്ങൾ അനുവദിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ ഉണ്ടാകുമായിരുന്ന അതേ അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

---

1. 1968-ലെ 25-ാം ആക്റ്റ്, 2-ാം വകുപ്പും പട്ടികയും പ്രകാരം "ഈ ആക്റ്റിന് വ്യാപ്തിയുള്ള പ്രദേശങ്ങൾ" എന്നതിന് പകരം ചേർത്തത് (15-8-1968 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റ്, 2-ാം വകുപ്പും പട്ടികയും പ്രകാരം "പ്രസ്തുത പ്രദേശങ്ങൾ" എന്നതിന് പകരം ചേർത്തത് (15-8-1968 മുതൽ പ്രാബല്യം).

58. ആർമി ആന്റ് എയർഫോഴ്സ് (ഡിസ്പോസൽ ഓഫ് പ്രൈവറ്റ് പ്രോപ്പർട്ടി) ആക്റ്റ്, 1950-നോ നേവി ആക്റ്റ്, 1957-നോ അനുസൃതമായി ആസ്തികൾ കൈകാര്യം ചെയ്യുന്നതിനായി പരിമിതപ്പെടുത്തിയിട്ടുള്ള പത്രങ്ങൾ അഡ്മിനിസ്ട്രേറ്റർ-ജനറലിന് അനുവദിക്കുന്നതിനുള്ള അധികാരങ്ങൾ.—ആർമി ആക്റ്റ്, 1950 (1950-ലെ 46)-നോ എയർഫോഴ്സ് ആക്റ്റ്, 1950 (1950-ലെ 45)-നോ നേവി ആക്റ്റ്, 1957 (1957-ലെ 62)-നോ വിധേയമായി ഏതെങ്കിലും ആളിന്റെ സ്വത്തിന്റെ പരിപാലനാധികാരപത്രങ്ങൾക്കായി അഡ്മിനിസ്ട്രേറ്റർ-ജനറൽ, ആർമി ആന്റ് എയർഫോഴ്സ് (ഡിസ്പോസൽ ഓഫ് പ്രൈവറ്റ് പ്രോപ്പർട്ടി) ആക്റ്റ്, 1950-ലെയോ നേവി ആക്റ്റ്, 1957-ലെയോ വ്യവസ്ഥകൾക്ക് അനുസൃതമായി അപേക്ഷിക്കുകയാണെങ്കിൽ കോടതിക്ക്, ആർമി ആന്റ് എയർഫോഴ്സ് (ഡിസ്പോസൽ ഓഫ് പ്രൈവറ്റ് പ്രോപ്പർട്ടി) ആക്റ്റ്, 1950-ലെയോ, അതതുസംഗതിപോലെ, നേവി ആക്റ്റ്, 1957-ലെയോ വ്യവസ്ഥകൾക്കനുസൃതമായി അങ്ങനെയുള്ള സ്വത്ത് കൈകാര്യം ചെയ്യുന്ന ആവശ്യത്തിനായി പരിമിതപ്പെടുത്തിയിട്ടുള്ള പരിപാലനാധികാരപത്രങ്ങൾ അദ്ദേഹത്തിന് അനുവദിക്കാവുന്നതാണ്.

59. ആക്റ്റ്, ആർമി ആന്റ് എയർഫോഴ്സ് (ഡിസ്പോസൽ ഓഫ് പ്രൈവറ്റ് പ്രോപ്പർട്ടി) ആക്റ്റ്, 1950-നെയോ നേവി ആക്റ്റ്, 1957-നെയോ ബാധിക്കുന്നതല്ലെന്ന്.—ഈ ആക്റ്റിലെ യാതൊന്നും ആർമി ആന്റ് എയർഫോഴ്സ് (ഡിസ്പോസൽ ഓഫ് പ്രൈവറ്റ് പ്രോപ്പർട്ടി) ആക്റ്റ്, 1950 (1950-ലെ 40)-ലെയോ നേവി ആക്റ്റ്, 1957 (1957-ലെ 62)-ലെയോ വ്യവസ്ഥകളെ ബാധിക്കുന്നതായി കരുതപ്പെടാൻ പാടുള്ളതല്ല.

60. ഇന്ത്യൻ രജിസ്ട്രേഷൻ ആക്റ്റ്, 1908-ലെ വ്യവസ്ഥകളെ ഒഴിവാക്കൽ.—ഈ ആക്റ്റിലെ യാതൊന്നും ഇന്ത്യൻ രജിസ്ട്രേഷൻ ആക്റ്റ്, 1908 (1908-ലെ 16)-ലെ വ്യവസ്ഥകളെ ബാധിക്കുന്നതായി കരുതപ്പെടാൻ പാടുള്ളതല്ല.

61. ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് കേന്ദ്ര സർക്കാരിനുള്ള അധികാരം.—കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം മുഖേന, 56-ാം വകുപ്പ് പ്രകാരം കോൺസുലർ ഓഫീസർമാർക്ക് ഏത് നിബന്ധനകളിൻമേലും ഉപാധികളിൻമേലുമാണ് പരിപാലനാധികാരപത്രങ്ങൾ അനുവദിക്കപ്പെടാവുന്നത്, അവ സംബന്ധിച്ച ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

62. ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള അധികാരം.—(1) സംസ്ഥാന സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം മുഖേന, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് വേണ്ടിയും അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ നടപടികൾ ക്രമീകരിക്കുന്നതിന് വേണ്ടിയും ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങൾ—

(ക) അഡ്മിനിസ്ട്രേറ്റർ-ജനറൽ സൂക്ഷിക്കേണ്ട കണക്കുകൾക്കും അവയുടെ ഓഡിറ്റിനും പരിശോധനയ്ക്കും;

(ഖ) അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ പക്കൽ വന്നിട്ടുള്ള ആസ്തികളുടെയും ഈടുകളുടെയും സുരക്ഷിത സൂക്ഷിപ്പിനും ഡെപ്പോസിറ്റിനും നിക്ഷേപത്തിനും;

(ഗ) അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ പക്കലുള്ള പണത്തിന്റെ തുകകളുടെ ഒടുക്കലിനും, അങ്ങനെയുള്ള ഒടുക്കൽ ആവശ്യമാകുന്ന സംഗതികളിൽ;

(ഘ) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഈ ആക്റ്റ് പ്രകാരം കൊടുക്കേണ്ട ഫീസുകൾക്കും അങ്ങനെയുള്ള ഏതെങ്കിലും ഫീസിന്റെ പിരിവിനും അക്കൗണ്ടിംഗിനും;

(ങ) അഡ്മിനിസ്ട്രേറ്റർ-ജനറൽ സംസ്ഥാന സർക്കാരിനോ മറ്റേതെങ്കിലും അധികാര സ്ഥാനത്തിനോ സമർപ്പിക്കേണ്ട സ്റ്റേറ്റ്മെന്റുകൾക്കും പട്ടികകൾക്കും മറ്റു രേഖകൾക്കും അവയുടെ പ്രസിദ്ധീകരണത്തിനും;

(ച) അങ്ങനെയുള്ള ഏതെങ്കിലും സ്റ്റേറ്റ്മെന്റുകളോ പട്ടികകളോ മറ്റു രേഖകളോ തയ്യാറാക്കുന്നതിന്റെ ചെലവ് ഈടാക്കുന്നതിനും;

(ഛ) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഏതെങ്കിലും ഓഡിറ്റിനും അതിന് ആനുഷംഗികവുമായുള്ള ചെലവുകൾ നിശ്ചയിക്കേണ്ടതും കൊടുത്തു തീർക്കേണ്ടതും ഏത് രീതിയിലാണെന്നതിനും ആരു മുഖേനയാണെന്നതിനും;

(ജ) ഈ ആക്റ്റ് പ്രകാരം പുറപ്പെടുവിച്ച സമൻസുകൾ നടത്തേണ്ട രീതിക്കും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം വിളിച്ചുവരുത്തിയതോ വിസ്തരിച്ചതോ ആയ ഏതെങ്കിലും ആളിനുള്ള ചെലവുകളോ അങ്ങനെയുള്ള വിചാരണയ്ക്ക് ആനുഷംഗികമായ ഏതെങ്കിലും ചെലവോ നൽകുന്നതിനും;

(ഝ) ഈ ആക്റ്റ് പ്രകാരം ആവശ്യമായതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും കാര്യത്തിനും,

വേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

[1][(3)ഈ ആക്റ്റ് പ്രകാരം സംസ്ഥാന സർക്കാർ ഉണ്ടാക്കുന്ന ഓരോ ചട്ടവും, അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം, സംസ്ഥാന നിയമനിർമ്മാണമണ്ഡലം മുൻപാകെ വയ്ക്കേണ്ടതാണ്.]

63. <u>കേന്ദ്ര സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങൾ പാർലമെന്റിന് മുൻപാകെ വയ്ക്കൽ.</u>—ഈ ആക്റ്റ് പ്രകാരം കേന്ദ്ര സർക്കാർ ഉണ്ടാക്കുന്ന ഓരോ ചട്ടവും അത് ഉണ്ടാക്കിയതിനുശേഷം, കഴിയുന്നത്ര വേഗം, പാർലമെന്റിന്റെ ഓരോ സഭയുടെയും മുൻപാകെ, അത് സമ്മേളനത്തിലായിരിക്കുമ്പോൾ ഒരു സമ്മേളനത്തിലോ [2][തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലയളവിലേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിന് മുൻപ്], ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കേണ്ടതില്ലായെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, ആ ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രഭാവവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കേണ്ടതാണ്.

1. 1983-ലെ 18-ാം ആക്റ്റ്, 3-ാം വകുപ്പ് പ്രകാരം ചേർത്തത് (26-8-1983 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റ്, 4-ാം വകുപ്പ് പ്രകാരം ചില വാക്കുകൾക്ക് പകരം ചേർത്തത് (26-8-1983 മുതൽ പ്രാബല്യം).

64. റദ്ദാക്കലും ഒഴിവാക്കലും.—(1) അഡ്മിനിസ്ട്രേറ്റർ-ജനറൽസ് ആക്റ്റ്, 1913 (1913-ലെ 3) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) റദ്ദാക്കലിന്റെ പ്രഭാവം സംബന്ധിച്ച് സാമാന്യ ഖണ്ഡങ്ങൾ ആക്റ്റ്, 1897 (1897-ലെ 10)-ലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെ, ഈ വകുപ്പ് മുഖേന പ്രഭാവത്തിൽ വന്ന റദ്ദാക്കൽ, ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ അഡ്മിനിസ്ട്രേറ്റർ-ജനറലിന്റെ ഉദ്യോഗം വഹിക്കുന്ന ഏതെങ്കിലും ആളിന്റെ സംയോജനത്തെ ബാധിക്കുന്നതല്ല.

(3) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അഡ്മിനിസ്ട്രേറ്റർ-ജനറൽസ് ആക്റ്റ്, 1913 (1913-ലെ 3)-ന്റെ 59ഖ വകുപ്പിലെ വ്യവസ്ഥകൾ ആ ആക്റ്റ് റദ്ദാക്കപ്പെട്ടിട്ടുണ്ടായിരുന്നില്ല എന്നപോലെ തുടർന്നും ബാധകമാകുന്നതാണ്.